ക്കെന്നവരെല്ലാം കൂടുതൽ ഊർജ്ജിതമായി പ്രവർത്തിച്ചാൽ മേലാലെങ്കിലും ഈ വൈഷമ്യം വരാതെ ശ്രദ്ധിക്കാൻ കഴിയുമെന്നു മാത്രമേ ഇപ്പോഴും പറയാൻ നിവൃത്തിയുള്ളൂ.

Disbursement of Stipends to children of goldsmiths.

Mr. Speaker: A reply is due from the hon. Minister for Transport and Labour to an earlier Rule 61 notice of Shri P.Ravindran I call upon the hon. Minister to give the reply.

ശ്രീ. കെ. ടി. അച്യുതൻ : സർ സ്വർണ്ണത്തൊഴിലാളികളുടെ മക്കൾക്കു് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ പഠിക്കുമ്പോൾ സ്റ്റൈപ്പെൻറ് കൊടുക്കുന്ന കാര്യത്തെപ്പറ്റിയാണു് ശ്രീ. രവീന്ദ്രൻ ഇവിടെ പറഞ്ഞതു്. 151 വിദ്യാർത്ഥികൾ ഇത്തരം വിദ്യാലയങ്ങളിൽ ട്രെയിനിംഗ് നടത്തുന്നുണ്ടു്. അവർക്കു് എത്രയും വേഗം സ്റ്റൈപ്പെൻറ് നൽകുന്നതിനുള്ള ഉത്തരവായിട്ടുണ്ടു്. താമസം കൂടാതെ അതു നൽകുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

PAPERS LAID ON THE TABLE

Chief Minister (**Shri R. Sankar**): Sir, I lay on the Table a copy of the Audit Report on the Accounts of the Kerala State Electricity Board for the year 1960-61 as required under sub-section 5 (a) of Section 69 of the Electricity (Supply) Act, 1948 (Central Act 54 of 1948).

FINANCIAL BUSINESS

Voting on Demands for grants in the Budget for **1964-65** (concluded)

Demand XXXIX—Forest

Demand LI—Capital Outlay on Forests

Minister for Public Health (**Shri M. P. Govindan Nair**): Sir, I move that Government be granted a sum of Rs. 1,37,79,900 under Demand XXXIX—Forest.

Minister for Harijan Welfare (**Shri K. Kunhambu**): Sir, I second it.

Minister for Public Health (**Shri M. P. Govindan Nair**) : Sir, I move that Government be granted a sum of Rs. 27,87,800 under demand LI—Capital Outlay on Forests.

Minister for Harijan Welfare (**Shri K. Kunhambu**): Sir, I second it.

Mr. Speaker : The following cut motions may be moved.

Cut motion Nos. 3, 4, and 5, under Demand No. XXXIX—Forest, may be moved by M/s. P. M. Kunhiraman Nambiar, K. Hassan Gani and M. M. Sundaram respectively.

Cut motion No. 1, under Demand No. LI—Capital outlay on Forest, may be moved by Shri K. Moideenkuty Haji.

Shri P. M. Kunhiraman Nambiar : I move, 'to reduce the allotment of Rs. 1.37,79,900 under Demand XXXIX—Forest by Rs. 100'.

LIBRARY ARCHIVES Kerala Legislative Assembly

Shri K. Hassan Gani : I move 'to reduce the total allotment of Rs. 1,37,79,900 under Demand XXXIX—Forest, by Rs. 100'.

Shri M. M. Sundaram : Sir, I move 'to reduce the total allotment of Rs. 1,37'79,900 under Demand XXXIX—Forest by Rs. 100'.

Shri K. Moideenkutty Haji : I move 'to reduce the total allotment of Rs. 27,87,800 under Demand LI Capital Outlay on Forest by Rs. 100'.

ശ്രീ. എം. എം. സുന്ദരം : സർ, മറെറല്ലാ വകുപ്പുകളെക്കാളും നമ്മുടെ സംസ്ഥാനത്തിനു സാമ്പത്തികനേട്ടം ഉണ്ടാക്കുന്നതു് വനം വകുപ്പാണു്. ഏതു ഡിപ്പാർട്ടുമെൻറിലെ കണക്കുകളും പരിശോധിച്ചാലും കൂടുതൽ വരുമാനം വനസമ്പത്തിൽനിന്നാണെന്നു കാണാൻ കഴിയും. ഇന്നത്തെ മൊത്തം രാജ്യ വിസ്തൃതിയിൽ 30 ശതമാനമാണു് നാം വനമായി സംരക്ഷിക്കുന്നതു്. ഇൻഡ്യയൊട്ടുക്കുള്ള വനസമ്പത്തിൻെറ ആദായം പരിശോധിച്ചാൽ ഏക്കറിനു് 5·5 രൂപയാണെങ്കിൽ, കേരളത്തിലേക്കു് 17 രൂപയാണെന്നു കാണാൻ കഴിയും. അങ്ങനെ നമുക്കു വളരെ ആദായം ഉണ്ടാക്കുന്ന വനഭൂമി സംരക്ഷിക്കുന്ന കാര്യത്തിലും, വനഭൂമിയിൽ കടിപാക്കുന്നവരെ പദ്ധതിപ്രവർത്തനങ്ങൾക്കായി ഒഴിപ്പിക്കുന്നകാര്യത്തിലും, അനധികൃതമായി വനത്തിൽ കൈയേറുന്നവരെ നിയന്ത്രിക്കുന്നകാര്യത്തിലും ഗവണ്മെൻറു തെറെറായ ഒരു നയമാണു സ്വീകരിച്ചിട്ടുള്ളതു്. അതിനെ പ്രതിഷേധിക്കാതിരിക്കാൻ നിവർത്തിയില്ല. ഈ കാര്യത്തിൽ ഗവണ്മെൻറു തികച്ചും പരാജയപ്പെട്ടിരിക്കുകയാണെന്നു വേണം വിശ്വസിക്കാൻ. സർ, ആക്കും ഇഷ്ടംപോലെ കൊള്ളയടിക്കാവുന്ന ഒരു ബാങ്കിനെപ്പോലെയാണു് നമ്മുടെ വനങ്ങളുടെ സ്ഥിതി. യാതൊരു ഭദ്രതയുമില്ലാതെ പണം കുന്നുകൂടി കിടക്കുന്ന ബാങ്കിൽനിന്നു് ഇഷ്ടമുള്ളപ്പോഴും കടന്നുചെന്നു് കൊള്ളയടിക്കാൻ കഴിയുന്നതുപോലെയാണു് നമ്മുടെ വിലപ്പെട്ട സമ്പന്നമായ വനങ്ങളിൽ ആളുകൾ കൈയ്യേറി വൻപിച്ച നാശനഷ്ടങ്ങൾ ഗവണ്മെൻറിനു വരുത്തിവയ്ക്കുന്നതു്. അങ്ങനെ വൻപിച്ച തോതിൽ കൊള്ളയടിക്കപ്പെടുവിധേയമായിരിക്കുകയാണു നമ്മുടെ വനങ്ങൾ. നമ്മുടെ ഫാറസ്റ്റിൽ നിന്നു് ആണ്ടുതോറും 5 കോടി രൂപ വരുമാനം ഉണ്ടാകുമെന്നാണു് ഡിപ്പാർട്ടുമെൻറു കണക്കാക്കിയിരിക്കുന്നതു്. ഫാറസ്റ്റിലെ തടികൾ വെട്ടി വിറെറാൽ ആണ്ടിൽ പത്തുകോടി രൂപവരെ ആദായം ഉണ്ടാക്കാൻ ഒരു പ്രയാസവുമില്ല. ഏതു കണക്കിൻെറ അടിസ്ഥാനത്തിലാണു് ഡിപ്പാർട്ടുമെൻറു 5 കോടി രൂപയുടെ ആദായം തിട്ടപ്പെടുത്തിയിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. തീർച്ചയായിട്ടും ഈ വകുപ്പിൽ ഭീകരമായ കൊള്ളയടി നടക്കുന്നുണ്ടെന്നുള്ളതിനു് ഇതു മതിയായ തെളിവാണു്.

സർ, പാലപ്പള്ളി റേഞ്ചിൽ, പുന്നമുറം എന്ന സ്ഥലത്തു് 9 ബ്ലാക്കുകളിലെ തടി കാൺട്രാക്ടറു കൊടുത്തു. 885 ടൺ തടിക്കാണു് എസ്റ്റിമേറു പ്രകാരം ലേലം നടന്നതു്. 72,667 ക്യൂബിക്കടി തേക്കും ഈട്ടിയുമാണു എസ്റ്റിമേറനുസരിച്ചു കണക്കാക്കപ്പെട്ടിരുന്നതു്. പക്ഷേ, തടി വിറെറപ്പോൾ, 27·9 ശതമാനം കൂടുതൽ ഉണ്ടായിരുന്നു. അതുപോലെതന്നെ, തിട്ടപ്പെടുത്തിയ കണക്കനുസരിച്ചു് 39,305 ക്യൂബിക്കടി കാട്ടമരങ്ങൾ വിറെറപ്പോൾ, 124·4 ശതമാനം കൂടുതൽ ഉണ്ടായിരുന്നു. ലേലത്തുക 8,51,700 ക. ആയിരുന്നു. മൊത്തത്തിൽ അതിനു് ഇരുപതു ലക്ഷം രൂപ കിട്ടിയിരിക്കും. ഈ നഷ്ടം ഗവണ്മെൻറിനു് വരുത്തിവച്ചതിനെപ്പററി അന്വേഷിച്ചിട്ടുണ്ടോ ?

അതുപോലെ മറെറാരു കാൺട്രാക്ടറു ലേലത്തിൽ വൻപിച്ച നഷ്ടം നേരിട്ടിട്ടുള്ളതായി കാണുന്നു. 1,90.300 രൂപയ്ക്കു ലേലംചെയ്തു കൊടുത്തതിനു് മുന്നു ലക്ഷംവരെ കൺട്രാക്ടുക്കു ഈടായിട്ടുണ്ടായിരിക്കും. ഇതിനെല്ലാം എസ്റ്റിമേറു തയ്യാറാക്കുന്നതും, കാൺട്രാക്ടറു ഏൽപ്പിക്കുന്നതും ഡിപ്പാർട്ടുമെൻറിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർകൂടി പങ്കുചേർന്നിട്ടാണോ എന്നു സംശയിക്കേണ്ടിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. അല്ലെങ്കിൽ ഗവണ്മെൻറിനു് ഇത്ര ഭീമമായ നഷ്ടം നേരിടുന്ന നടപടി കളും കഴിയുന്നതും അവസാനിപ്പിക്കേണ്ടതല്ലേ ? 1960 മുതൽക്കേ ഈ സഭയുടെ ശ്രദ്ധയിൽപെടുത്തുന്നതാണു് ഇത്തരം വൻപിച്ച നഷ്ടം വരുത്തുന്ന കാൺട്രാക്റ്റു സമ്പ്രദായം അവസാനിപ്പിക്കണമെന്നു്. ഇതുവരെ അതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

സർ, ഇന്നു വനം സംരക്ഷിക്കുന്നകാര്യത്തിൽ ഗവണ്മെൻറു കാര്യമായി ശ്രദ്ധപതിപ്പിക്കുന്നുണ്ടെന്നു പറയുന്നു. പദ്ധതി നടപ്പാക്കുന്നതിനു് പാവപ്പെട്ട വനംകുടിയേറ്റക്കാരെ ഇറക്കിവിടുന്നുണ്ടു്. അതേസമയത്തു, 500–ം, 1,000–ം ഏക്കർ സ്ഥലം കൈയടി വിച്ചിട്ടുള്ളവരെ ഒഴിപ്പിക്കാൻ ശ്രദ്ധിക്കാറില്ല. 1960–ൽ ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞതാണു്, അനധികൃതമായി വനത്തിൽ കൈയ്യേറിയിട്ടുള്ളവരെല്ലാം ഇറക്കിവിടുമെന്നു്. എന്നാൽ അതിനു ഇതുവരെ ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല, 1961–ൽ, അയ്യപ്പൻകോവിലിൽനിന്നു 1,772 കുടുംബക്കാരെ കുടിയിറക്കി വിടുകയുണ്ടായി. അതിൽ 922 കുടുംബക്കാരെ അമരാവതിയിൽ പാർപ്പിച്ചു; ഓരോ കുടുംബത്തിനും ഓരോ ഏക്കർ സ്ഥലം കൊടുത്തു. 323 കുടുംബക്കാർക്കു മുണ്ടക്കയത്തു സ്ഥലം കൊടുത്തു. ശേഷം 500–ഓളം കുടുംബത്തിനെ വളഞ്ഞങ്ങാനത്തും, തട്ടാത്തിക്കാനത്തും പാർപ്പിച്ചു. വളഞ്ഞങ്ങാനത്തും, തട്ടാത്തിക്കാനത്തും കൊടുത്തിട്ടുള്ള ഭൂമി കൃഷിക്കു തീരെ പറ്റിയതല്ലെന്നു മുന്നുകൊല്ലമായി അവിടെ കഴിഞ്ഞുകൂടിയ അനുഭവത്തിൽനിന്നു കൃഷിക്കാർക്കു മനസ്സിലായി. അതിപകരം അവർക്കു വേറെ ഭൂമി കൊടുക്കണമെന്നു പറഞ്ഞു കുഞ്ഞുകുട്ടികളടക്കം ആ കുടുംബക്കാർ ഇപ്പോഴും കോട്ടയം കളക്ടറേറ്റിൽ സത്യാഗ്രഹം തുടങ്ങിയിരിക്കുകയാണു്. തേക്കടിക്കു പോകുമ്പോഴും അവർക്കു കൊടുത്ത സ്ഥലം കാണാം. തീരെ കൃഷിയോഗ്യമല്ലാത്ത ഭൂമിയാണു്. ഈ കാര്യത്തെപ്പറ്റി പലപ്രാവശ്യം മന്ത്രിമാർക്കു നിവേദനങ്ങളും നടത്തിയിട്ടുണ്ടു്. ഇപ്പോഴും തിരുവനന്തപുരം ഡിസ്ട്രിക്ടിൽ വാമനപുരത്തു പകരം ഭൂമി കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടു്. അതും കൃഷിക്കു പറ്റിയ സ്ഥലമല്ല. ഇന്നസ്ഥലത്തുതന്നെ ഭൂമി വേണമെന്നു അവർ പറയുന്നില്ല, കൃഷിക്കു പറ്റിയ സ്ഥലം എവിടെ കൊടുത്താലും പോകാൻ അവർ തയ്യാറാണു്. ഇന്നത്തെ അവരുടെ ദയനീയസ്ഥിതി കണ്ടാൽ വളരെ വേദനാജനകമാണു്. എത്രയോ ലക്ഷം രൂപയുടെ നഷ്ടം കൊള്ളയടിച്ചും, തെറ്റായ കാൺട്രാക്ടിന്റെ അടിസ്ഥാനത്തിലും ഗവണ്മെൻറിനു വന്നുകൊണ്ടിരിക്കുന്നു. പാവപ്പെട്ട ഈ കുടികിടപ്പുകാർക്കു കൃഷിചെയ്യാൻ സൗകര്യമുള്ള സ്ഥലം കൊടുക്കുന്നതു് ഒരു നഷ്ടമായി ഗവണ്മെൻറു കരുതുന്നതു ശരിയല്ല. പദ്ധതികൾക്കു എടുക്കുന്ന ഭൂമി കുറച്ചു കുറഞ്ഞാലും ഈ പ്രശ്നം പരിഹരിക്കാൻ ഗവണ്മെൻറു അമാന്തം കാണിക്കുന്നതു ശരിയല്ല.

സർ, ഒരുകാര്യംകൂടി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു ഞാൻ അവസാനിപ്പിക്കാം. ഫലഭൂയിഷ്ടമായ 115 ബ്ലാക്കു വനഭൂമി ഒരു ഡെപ്യൂട്ടി കളക്ടരും മറ്റു രണ്ടുപേരുംചേർന്നു വിൽക്കുകയുണ്ടായി. ഏക്കറിനു് 2,500 മുതൽ 3,000 രൂപവരെ വിറ്റു. ആ ഉദ്യോഗസ്ഥന്റെ ഡ്രൈവർക്കു രണ്ടു ബ്ലാക്കും, ശിപായിക്കു ഒരു ബ്ലാക്കും കൊടുത്തിട്ടുണ്ടു്. ഇതിനെപ്പറ്റി കളക്ടർ എൻക്വയറി നടത്തി. റിപ്പോർട്ടിൽ പ്രസ്തുത ഉദ്യോഗസ്ഥൻ തെറ്റുചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടു്. ഒരു കാൺഗ്രസ്സു നേതാവു് ഇതിൽ ഇടപെട്ടതിന്റെ ഫലമായി മന്ത്രി ശ്രീ. പി. ടി. ചാക്കോ, ആ ഉദ്യോഗസ്ഥനെ സ്ഥലംമാറ്റാൻ ഉത്തരവിട്ടു. അങ്ങനെ സ്ഥലം മാറ്റി. മുണ്ടക്കയത്താണു് ഇങ്ങനെ സ്ഥലം വിറ്റതു്. ശിക്ഷണനടപടിയായി സ്ഥലം മാറ്റിയതു്, ആ ഉദ്യോഗസ്ഥന്റെ സ്വന്തം സ്ഥലത്തിനടുത്തു പാലക്കാട്ടേക്കാണു്. പാലക്കാട്ടു കളക്ടരുടെ പേഴ്സനൽ അസിസ്റ്റൻറായി ജോലി നോക്കുകയാണു്. ഇത്തരം ഭൂമി കുടിയിറക്കപ്പെട്ട പാവപ്പെട്ട കർഷകർക്കു കൊടുക്കുന്നതു ഒരു നഷ്ടമായിട്ടാണു ഗവണ്മെൻറു കണക്കാക്കുന്നതു്. ഗവണ്മെൻറിനു് വൻപിച്ച നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നവരെ ശിക്ഷിക്കുന്നതു് ഈ തരത്തിലാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എം. സുന്ദരം]

സർ, വളഞ്ഞങ്ങാനത്തും, തട്ടാത്തിക്കാനത്തും കുടിപാർത്തിരുന്നവർക്ക, പാറക്കെട്ടല്ലാത്ത, കൃഷിചെയ്യാൻ കൊള്ളാവുന്ന വേറെ സ്ഥലം കൊടുക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, നമ്മുടെ കേരളക്കരയുടെ പ്രകൃതിതന്നെയും സംരോവന ചെയ്തിട്ടുള്ള മഹത്തായ ഒരു സമ്പത്താണ് നമ്മുടെ കാട്. ഈ കാട് വേണ്ടതുപോലെ സംരക്ഷണം നടത്തുന്നതിനു ഇതുവരേയും നമ്മൾ തയാറായിട്ടില്ല. കേരളത്തിനുതന്നെ വളരെയധികം സമ്പത്തു തരുന്നതും നമ്മുടെ നാനാഭാഗത്തും മാത്രമല്ല, ഇൻഡ്യയുടെ നാനാഭാഗത്തും വിദേശ രാജ്യങ്ങളിൽപോലും ആവശ്യമായിട്ടുള്ള പല സാധനങ്ങളും കിട്ടുന്ന ഈ കാട് എങ്ങനെ സംരക്ഷിക്കണമെന്നുള്ളതിനെ സംബന്ധിച്ചു നാം കാര്യമായി ആലോചിക്കണം. ഗവണ്മെൻറ് ഈ തത്വം അംഗീകരിച്ചിട്ടുണ്ടെന്നും അതു നടപ്പിൽവരുത്തുന്നുണ്ടെന്നുമാണ് മന്ത്രി പറയുന്നതു. കാട് സംരക്ഷിക്കേണ്ട ആവശ്യകതയേക്കുറിച്ചു ഇന്നും ഇന്നലേയുമല്ല പറയുന്നതു. ഏതു വിധത്തിലായാലും കാട് സംരക്ഷിക്കുന്നതിനുള്ള പരിപാടി അംഗീകരിച്ചതായി നമുക്കു കാണാൻ കഴിയുന്നില്ല. നാലുലക്ഷത്തോളം ഏക്കർ പ്രൈവറ്റു ഫാറസ്റ്റു മലബാർ ഭാഗത്തു ഉണ്ടെന്നുള്ള കാര്യം എടുത്തെടുത്തു പറയേണ്ടുന്ന ഒരു കാര്യമാണു. മലബാർഭാഗത്തുള്ള സ്വകാര്യവനം കുറെ വ്യക്തികളുടെ കൈയ്യിലും സംഘടനകളുടെ കൈയ്യിലും ക്ഷേത്രങ്ങളുടെ കൈയ്യിലുമായിരിക്കുകയാണു. നമ്മുടെ ഗവണ്മെൻറു ഒരു ജനാധിപത്യ ഗവണ്മെൻറാണെങ്കിലും ഈ സംഗതി ഏതടിസ്ഥാനത്തിലാണു കൈകാര്യം ചെയ്തതെന്നു മുമ്പു ഈ അസംബ്ലിയിൽതന്നെ പലരും ചർച്ച ചെയ്തുകൊണ്ടു അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. രാജ്യത്തിൻറെ സമ്പത്താണെന്നു അറിയാമെങ്കിലും ചില ആളുകൾ കൂട്ടം കൂട്ടമായി ആക്രമിച്ചു കൈയടക്കി, അല്പം ചില ആളുകളുടെ കൈയിൽ പകർത്തി അവരുടെ സമ്പത്തുനില ഉയർത്തിവരുന്നതായി നമുക്കറിയാം. ഈ കാട് ദേശവൽക്കരിക്കുന്നതിനുവേണ്ടി രണ്ടാം പഞ്ചവത്സരപദ്ധതിയിലും മൂന്നാം പഞ്ചവത്സരപദ്ധതിയിലും വകയിരുത്തിയിട്ടുണ്ടു. പക്ഷേ രണ്ടാം പ്ലാനിൽ ഒന്നുംതന്നെ ചെലവാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ഗവണ്മെൻറു അതിനു ഉത്തരവാദിയല്ലെന്നു വാദിച്ചാൽപോലും രണ്ടാം പ്ലാനിൽ ഒന്നുംതന്നെ ചെലവാക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നതു വസ്തുതയാണു. മൂന്നാം പ്ലാനിൽ ഏകദേശം 229 ലക്ഷം രൂപ ഇതിലേക്കു നീക്കിവച്ചിട്ടുണ്ടു. എങ്കിലും വെറും നൂറുലക്ഷം രൂപയാണു ഭൂമി അക്വയർ ചെയ്യുന്നതിനുവേണ്ടി നീക്കിവച്ചിരിക്കുന്നതു. ഭൂമി ഇതേവരെ അക്വയർ ചെയ്യാൻ നമുക്കു സാധിച്ചിട്ടില്ല. അക്വയർ ചെയ്യുന്നതിനു ആവശ്യമായ നിയമം ഉണ്ടായിരുന്നില്ല എന്നും അങ്ങനെയൊരു നിയമം ഉണ്ടാക്കിയതിനുശേഷമേ അക്വയർ ചെയ്യാൻ സാധിക്കുകയുള്ളു എന്നുമാണു അതിനു കാരണമായി പറയുന്നതു. ഇതുവരെ നിയമം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു നിയമത്തിൻറെ അഭാവത്തിൽ ഒഴിഞ്ഞുമാറുകയാണു ഇന്നോളവും ചെയ്തിരിക്കുന്നതു. അതുകൊണ്ടു ഈ വനഭൂമികളെ ആരെങ്കിലും ആക്രമിച്ചും ഇഷ്ടംപോലെ ഏതെങ്കിലും അടിസ്ഥാനത്തിൽ വിൽക്കുകയോ വാങ്ങുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതു ദുർബലപ്പെടുത്തേണ്ടതാണു. വനത്തിൽനിന്നും യാതൊരു സമ്പത്തും നമുക്കു കിട്ടുന്നില്ല. ഏറ്റവും വില പിടിച്ച വീട്ടി, തേക്കു മുതലായ മരങ്ങളും കൈയ്യിൽ കിട്ടുന്നവർ മുറിച്ചു തുച്ഛമായ വിലക്കും മറ്റും മറ്റുള്ളവർക്കു വിറ്റു അവർ സമ്പന്നരാകുന്ന ഏർപ്പാടാണു കാണാൻ കഴിയുന്നതു. റിസർവ്വേഷൻ ഏരിയായെ സംബന്ധിച്ചു വളരെയൊന്നും പറയേണ്ട കാര്യമില്ല. വളരെയേറെക്കാലമായി ഈ റിസർവേഷൻ ഫാറസ്റ്റു ഏതാനും കൊള്ളക്കാരുടെ ഇരയായിരിക്കയാണു. കൂട്ടം കൂട്ടമായി കൊള്ളക്കാർ അതിൽ പ്രവേശിച്ചു ഭൂമി സ്വാധീനപ്പെടുത്തി അതിൽ പാവപ്പെട്ടവരെ ഏതെങ്കിലും അടിസ്ഥാനത്തിൽ കടത്തിവിട്ടു കുറെനാൾ കഴിഞ്ഞു സ്വന്തം ആവശ്യത്തിലേയ്ക്കു എന്നു പറഞ്ഞു ഈ ഭൂമി അവരുടെ കൈയ്യിൻനിന്നും തട്ടിയെടുക്കുകയും വലിയ പണക്കാരാകുകയും ചെയ്യുന്ന സമ്പ്രദായം നിലവിലുണ്ടു. നമുക്കു റിസർവേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഫാറസ്റ്റിന്റെ കാര്യത്തുസൂക്ഷിക്കാനുള്ള യാതൊരു മാർഗ്ഗവും ഇതുവരെ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നു പറയാതെ നിവൃത്തിയില്ല. എങ്ങനെയാണു് മറ്റു സംസ്ഥാനങ്ങളിൽ റിസർവ്വേഷൻ ഫാറസ്റ്റിന്റെ കാര്യത്തു സൂക്ഷിക്കുന്നതെന്നു നാം മനസ്സിലാക്കണം. അതു മനസ്സിലാക്കിയതിനുശേഷം നമ്മുടെ റിസർവ്വു് ഫാറസ്റ്റിന്റെ കാര്യത്തുരക്ഷിക്കുന്നതിനു സഹായകമാകുമോ എന്നു നോക്കണം. യാതൊരു ജീവിതമാർഗ്ഗവും ഇല്ലാതെ ഏതെങ്കിലും ആളുകൾ ഇതിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി കാര്യമായി അന്വേഷിച്ചു മറ്റു ഭൂമി കൊടുക്കുകയോ അല്ലെങ്കിൽ അവരെ സംരക്ഷിക്കാൻ എന്തെങ്കിലും ഉപായം കണ്ടുപിടിക്കുകയോ ചെയ്യണം. ഇന്നു റിസർവ്വുവനങ്ങളിൽ ജീവിതമാർഗ്ഗമില്ലെന്നും പറഞ്ഞു കുടിയേറിയിട്ടുള്ളവർക്കു അവർ കൈവശം വെക്കുന്ന ഭൂമി പതിച്ചുകൊടുക്കുന്ന ഫുർപ്പാടാണു് നിലവിലുള്ളതു്. ആ നയം ശരിയല്ല. നിവൃത്തിയില്ലാതെവരുന്ന കേസുകൾ ഒഴികെ ബാക്കി കൊടുത്തിട്ടുള്ള എല്ലാ ആളുകളുടേയും ഭൂമി തിരിയേ എടുക്കുവാൻ ഗവണ്മെന്റു ഒരു പരിപാടി ആവിഷ്കരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യേണ്ടതു അടിയന്തിരമായ ഒരാവശ്യമാണു്. സമയം കുറവായതുകൊണ്ടു് ഞാൻ എന്റെ പ്രസംഗം ചുരുക്കുകയാണു്. അടുത്തതായി എനിക്കു പറയുവാനുള്ളതു്.....

Mr. Speaker : There is also another member belonging to your party to speak. If he does not come, you can take his 7 minutes.

Shri P. M. Kunhiram Nambiar : I don't know wether he will come or not.

നമ്മുടെ വനത്തെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും വേണ്ടപോലെ പരിശീലനം ലഭിക്കുന്നതിലേയ്ക്കു ഇവിടെനിന്നും ആളുകളെ നല്ല ട്രെയിനിംഗിനു വിടേണ്ടതാണു്. ഡെഹറാഡൂൺ തുടങ്ങിയ സ്ഥലങ്ങളിൽ അങ്ങനെ ട്രെയിനിംഗു നൽകുന്ന കാളേജുണ്ടു്. അവിടെ നിന്നും പരിശീലനം കിട്ടിയ ആളുകളെ നിയോഗിച്ചുകൊണ്ടു് ആമാതിരി ട്രെയിനിംഗു നൽകുന്ന ഫാറസ്റ്റിന്റെ കാളേജുകൾ തുറക്കാനുള്ള പരിപാടി ആസൂത്രണം ചെയ്യണമെന്നും ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണു്. അങ്ങനെ ഫാറസ്റ്റിന്റെ കാളേജു തുറന്നു പരിശീലനം കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റു മുൻകൈ എടുക്കണം. നിലവിലുള്ള ഫാറസ്റ്റിൽ ഭൂമി കൈയ്യേറി വച്ചിട്ടുള്ളവർക്കു ജീവിക്കാൻ മാത്രം ഭൂമി കൊടുക്കുകയും ബാക്കി ഭൂമി അകപയർ ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. വനസംരക്ഷണത്തിനു മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ള നിയമങ്ങളും പരിശോധിച്ചുകൊണ്ടു കൂടുതൽ സംരക്ഷണ നിയമങ്ങളും കൊണ്ടുവരികയും കൂടുതൽ മാർഗ്ഗങ്ങളും ആരായുകയും ചെയ്യണം.

അടുത്ത കാലത്തു കാട്ടുതീ ധാരാളമായി പടർന്നു പിടിക്കുന്നുണ്ടു്. പറമ്പിക്കുളം, വയനാടു് തുടങ്ങിയ ഭാഗങ്ങളും കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകളാണു് കിട്ടിക്കൊണ്ടിരിക്കുന്നതു്. ഫാറസ്റ്റിന്റെ ഉദ്യോഗസ്ഥന്മാരുടെ സൂക്ഷ്മതയില്ലായ്മകൊണ്ടും ഇതു വന്നേക്കാം. യൂറോപ്യൻ രാജ്യങ്ങളിലും മറ്റും ഈ കാട്ടുതീ വരുന്നതിൽ നിന്നും രക്ഷപ്പെടാൻ മാർഗ്ഗങ്ങളും കണ്ടുപിടിച്ചിട്ടുണ്ടെന്നു പത്രങ്ങളിൽനിന്നും അറിയുവാൻ കഴിയുന്നുണ്ടു്. അങ്ങനെയുള്ള മാർഗ്ഗങ്ങളും ആരാഞ്ഞുകൊണ്ടു് കാട്ടുതീ പടരുന്നതിൽനിന്നു നമ്മുടെ കാടു് സംരക്ഷിക്കേണ്ടതാണു്. ഇന്നു ഫാറസ്റ്റിന്റെ നശീകരണത്തിൽ പ്രധാനമായ ഉത്തരവാദികളും ഇതിലെ ഉദ്യോഗസ്ഥന്മാർ ആണു്. ഫാറസ്റ്റിലെ സകലവിധ കൈകടത്തലിനും സാക്ഷികളാകുന്നവരാണു് ഉദ്യോഗസ്ഥന്മാർ. എല്ലാവരും കൈക്കൂലി വാങ്ങിക്കുന്നു എന്നു പറയുവാൻ സാധിക്കുകയില്ലെങ്കിലും കുറെ ആളുകൾ സാമാന്യമായി പറഞ്ഞാൽ കോഴ പറ്റിക്കൊണ്ടു് വനം കയ്യേറുന്നതിൽ കണ്ണടയ്ക്കുകയാണു്. അതുകൊണ്ടു് ഈ ഫാറസ്റ്റിന്റെ ഉദ്യോഗസ്ഥന്മാരെ നിലക്കു നിറുത്താനുള്ള ഒരു പരിപാടി ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണു്. ഇങ്ങനെ ഫാറസ്റ്റിന്റെ ഉദ്യോഗസ്ഥന്മാരെ നിലക്കു നിറുത്തുവാൻ കഴി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞിരാമൻ നമ്പ്യാർ]

ഞാൽ ഈ വനം കയ്യേറ്റം കുറെയെല്ലാം കുറക്കുവാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. ഈവക കാര്യങ്ങളിൽ ഗവണ്മെന്റു കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. സി. എം. കുട്ടി: സ്പീക്കർ സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറിനെ എനിക്കു അനുകൂലിക്കുവാൻ നിവൃത്തിയില്ല എന്നു പറയേണ്ടി വന്നതിൽ ഖേദിക്കുകയാണ്. നമ്മുടെ കേരള സംസ്ഥാനത്തിന്റെ സമ്പത്തു് വ്യവസ്ഥിതിയിൽ ഏറ്റവും സുപ്രധാനമായ പങ്കാണ് നമ്മുടെ വനങ്ങൾ എന്നുള്ള കാര്യം സംശയാതീതമാണ്. അങ്ങനെയുള്ള വനങ്ങൾ ഇവിടത്തെ വ്യവസ്ഥാപിതമായ ഭരണത്തിന്റെ കീഴിലാണോ എന്നുള്ളതിനെ സംബന്ധിച്ചു നാം പരിശോധിച്ചു നോക്കണം. 26·12 ലക്ഷം ഏക്കർ വനം ഇന്നുള്ളതിൽ 22-ൽ പരിലധികം ഏക്കറും ഗവണ്മെൻറിന്റെ കീഴിലാണ് ഉള്ളതു്; ചുരുക്കം ഭൂമി മാത്രമേ സ്വകാര്യവനമായിട്ടുള്ളൂ. അപ്പോൾ ഈ ഗവണ്മെൻറിനു വനം സംരക്ഷിക്കുന്നതിൽ പ്രത്യേകമായ ഉത്തരവാദിത്വം ഉണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. വിദേശനാണ്യം സമ്പാദിക്കുന്നതും, നാട്ടിലെ വ്യവസായങ്ങളെ പോഷിപ്പിക്കുന്നതും വിദേശ വ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകുന്നതുമായ പല സാധനങ്ങളും ഇന്നു നമ്മുടെ വനത്തിൽ നിന്നും കിട്ടുന്നുണ്ട്. അങ്ങനെ രാജ്യത്തെ വലിയ ഒരു വരുമാനം ഈ വനത്തിൽ നിന്നും ലഭിക്കുന്നുണ്ട്. ഇവിടെ നിയമങ്ങൾ ഉണ്ട്. ചട്ടങ്ങൾ ഉണ്ട്. വനത്തിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ചു ഇവിടെ ദിനംദിനം പരാതികൾ വന്നുകൊണ്ടിരിക്കുകയാണ്. നീറുന്ന പ്രശ്നങ്ങൾ വരെ വനത്തിൽനിന്നു ഉൽഭവിക്കുന്നുണ്ട്. നമുക്കു ഫോറസ്റ്റു ഉദ്യോഗസ്ഥന്മാർ ഉണ്ട്. അവർക്കു ശമ്പളം കൊടുക്കുന്നുമുണ്ട്. അവർ വളരെയധികം പ്രവർത്തിക്കുന്നുമുണ്ട്. അങ്ങനെയൊരു സാഹചര്യത്തിൽ ഈ മാതിരി കുഴപ്പങ്ങൾക്കു ആരാണ് ഉത്തരവാദിയെന്നും ആരൊക്കെയാണ് കുറ്റം പറയേണ്ടതെന്നും ഞാൻ സംശയിക്കുകയാണ്. മന്ത്രിയെ സംബന്ധിച്ചാണോ കുറ്റം പറയാനുള്ളതു്, അതോ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ കുറ്റമാണോ? എനിക്കു സംശയമാണ്. എന്റെ അഭിപ്രായത്തിൽ ആദ്യം മുതൽക്കേ അടിസ്ഥാനപരമായി വനത്തിൽ കുഴപ്പങ്ങൾ ഉണ്ട്. ഒരാളിന്റെ കുറ്റമല്ല, വ്യക്തികളുടെ കുറ്റമല്ല. അടിസ്ഥാനപരമായി കുഴപ്പം ഉണ്ട്. ഇവിടെ വളരെയധികം മിസ്മാനേജുമെൻറു നടക്കുന്നുണ്ട്. ഫോറസ്റ്റു ഇൻഡസ്ട്രീസിന്റെ കാര്യം തന്നെയെടുക്കാം. ആയിരക്കണക്കിനു ഏക്കർഭൂമി തടി വെട്ടി എടുക്കുന്നതിലേക്കായി ഫോറസ്റ്റു ഇൻഡസ്ട്രിക്കുവേണ്ടി കുറഞ്ഞ വിലയ്ക്കു വിട്ടുകൊടുത്തിരിക്കുകയാണ്. അതുകൊണ്ടു് ഇവിടെ എന്താണ് പ്രയോജനം ഉണ്ടാകുന്നതു. ഫോറസ്റ്റു ഇൻഡസ്ട്രീസ് കൊണ്ടു് വളരെയധികം പ്രയോജനം ഉണ്ടാകുമെന്നെല്ലാം നാം പ്രതീക്ഷിച്ചിരുന്നു. വളരെയധികം ഉപകരണങ്ങൾ ആ വ്യവസായശാലയിൽ നിന്നും ഉണ്ടാക്കാമെന്നും നാം പ്രതീക്ഷിച്ചിരുന്നു. പക്ഷേ ഒന്നും തന്നെയില്ല. വളരെ ചുരുങ്ങിയ സാധന സാമഗ്രികളാണ് അവിടെനിന്നും ഉണ്ടാക്കുന്നതു്. നല്ല ഫർണിച്ചർ ഉണ്ടാക്കുന്നില്ല എന്നതോ പോകട്ടെ, വാതലും കട്ടളയുമാണ് ഉണ്ടാക്കുന്നതു്. ആവശ്യമായ തോതിൽ ഇല്ല. വളരെ ചുരുങ്ങിയ തോതിലാണ്. ആലുവാ ഫോറസ്റ്റു ഇൻഡസ്ട്രീസിൽ നിന്നും ഉണ്ടാക്കുന്ന ഈ വാതലും കട്ടളയും ഏറ്റവും വലിയ തുകയ്ക്കു വിൽപ്പനയ്ക്കു വച്ചിരിക്കുകയാണ്. അതിന്റെ റേറ്റു വളരെ കൂടുതലായി പോകുന്നു എന്നതു കൊണ്ടു് ആരും വാങ്ങാത്ത ഒരു പരിതഃസ്ഥിതിയാണ് അവിടെയുള്ളതു്. ഇതൊന്നു പരിഷ്കരിച്ചു നമ്മുടെ ആഫീസുകൾക്കു ആവശ്യമായ സാധനങ്ങളും, സ്കൂളുകൾക്കു ആവശ്യമായ സാധനങ്ങളും, ആശുപത്രികൾക്കു ആവശ്യമായ ഉപകരണങ്ങളും ഇതെല്ലാം അവിടെനിന്നും ഉണ്ടാക്കിക്കൂടെ. യാതൊന്നും ചെയ്യുന്നില്ല. മരങ്ങൾതന്നെ മുറിച്ചു വിൽപ്പന നടത്തുന്നു എന്നുള്ള പരാതിയും ഉണ്ട്. കൂപ്പുകൾ സ്വന്തമായ ആളുകൾക്കു കൊടുക്കുന്നു എന്നുള്ള ആരോപണവും ഉണ്ട്. ഈ വക കാര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചു ഗവൺമെന്റു ശരിയായ അന്വേഷണം നടത്തിയിട്ടില്ല. കീരിത്തോട്ടിൽ ഉണ്ടായ അനിഷ്ട സംഭവത്തെക്കുറിച്ചു അന്വേഷണം നടത്താൻവേണ്ടി ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനെ വച്ചിട്ടുണ്ടെന്നുള്ളതു സന്തോഷകരമായ സംഗതിയാണു. പക്ഷേ അദ്ദേഹത്തിനു വനത്തിൽ നടക്കുന്ന മറ്റു കാര്യങ്ങളെ കുറിച്ചു അന്വേഷണം നടത്താൻ പറ്റുകയില്ല. അവ അന്വേഷണപരിധിയിൽപ്പെടുന്നില്ല. അതിനു പ്രത്യേകമായി ഒരു കമ്മീഷനെത്തന്നെ ഏർപ്പെടുത്തുകയും അതിൽ ഈ നിയമസഭയിലെ മെമ്പറന്മാരെ അംഗങ്ങളാക്കുകയും ചെയ്തുകൊണ്ടു് ആ കമ്മീഷൻ പ്രവർത്തിക്കുന്നതായാൽ നന്നായിരിക്കുമെന്നും എനിക്കഭിപ്രായമുണ്ടു്. ദേശസാൽക്കരണം നടത്തുന്നതിനെ സംബന്ധിച്ചു ഇന്നു വളരെയധികം ചർച്ചകളും ഇവിടെ നടക്കുന്നുണ്ടു്. ദേവസ്വം ഭൂമി വളരെയധികമായി പതിച്ചുകൊടുക്കുന്നുണ്ടു്. 'പതിച്ചു കൊടുത്തു' എന്നുള്ളതു ഞാൻ മനപ്പൂർവ്വം പറഞ്ഞതാണു്. ഗവൺമെന്റു ഭാഗത്തു നിന്നും പറയും പതിച്ചുകൊടുത്തിട്ടില്ല, എല്ലാം ലീസായിട്ട മാത്രമേ കൊടുത്തിട്ടുള്ളു എന്നു. ആക്കാണു് ഇങ്ങനെ ലീസായിട്ട കൊടുത്തിട്ടുള്ളതു്. കുറെ സാമുദായിക പ്രമാണികത്വങ്ങൾക്കു കൊടുത്തിട്ടുണ്ടു്. എൻ. എസ്. എസ്. തുടങ്ങിയ സംഘടനകൾക്കും കൊടുത്തിട്ടുണ്ടു്. സ്വാധീനം ചെലുത്താൻ കഴിവുള്ള ചില വ്യക്തികൾക്കും കൊടുത്തിട്ടുണ്ടു്. രണ്ടും മൂന്നും തലമുറക്കാലത്തിനാണു് ഇങ്ങിനെ ലീസായികൊടുത്തിട്ടുള്ളതു്— അതുകൊണ്ടു ലീസ് എന്ന പദത്തെ വ്യഭിചരിക്കുകയാണു്. ചെയ്യുന്നതു്. നമ്മുടെ വനത്തിൽ നിന്നും നാം ഉദ്ദേശിക്കുന്ന വനസമ്പത്തു നമുക്കു കിട്ടുന്നില്ല. റിസർവ്വേഷൻ നടക്കുകയില്ല. വനങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നയത്തിൽ ഈ ഗവൺമെന്റു പരാജയപ്പെട്ടിരിക്കുന്നു എന്നാണു് എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളതു്. അതുപോലെതന്നെ ഭൂമി കയ്യേറുക എന്നുള്ളതു നിയമ വിരുദ്ധമായ ഒരു സംഗതിയാണു്. എന്നാൽ ഇന്നു അതു നിയമ വിധേയമാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. കാരണം ഇതിനുമുമ്പു് ഭൂമി കയ്യേറിയവർ അതിൽ കുടിയിരിപ്പു നടത്തുന്നു എന്നു പരാതി വന്നപ്പോഴും അതേപ്പറ്റി അന്വേഷിച്ചു ഗവൺമെന്റു അവക്കെല്ലാം ഭൂമി പതിച്ചുകൊടുക്കുന്ന സമ്പ്രദായമാണു് ഗവൺമെന്റു സ്വീകരിച്ചിട്ടുള്ളതു്. നിയമത്തെ മാനിച്ചു കയ്യേറുന്നതു നിയമവിരുദ്ധമായ ഒരു നടപടിയാണെന്നു ധരിച്ചു അതിനു ഒരുമ്പിടാതിരുന്നിട്ടുള്ളവരെ വിഡ്ഢിയാക്കുന്ന ഏർപ്പാടാണുള്ളതു്. ഇങ്ങനെയുള്ള കാര്യങ്ങൾക്കു നിയമ സാധുത്വം കൊടുക്കുകയാണെങ്കിൽ ഇനി മേലാൽ ജനങ്ങൾക്കു നിയമത്തോടോ വ്യവസ്ഥാപിത മാർഗ്ഗത്തോടോ ഭയഭക്തിയുണ്ടായിരിക്കുകയില്ല എന്നുള്ള കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. നിയമവിരുദ്ധമായി നടക്കുവാനുള്ള പ്രചോദനമാണു് ജനങ്ങൾക്കു ഇത്തരം പ്രവർത്തികളിൽ നിന്നും ഉണ്ടാകുന്നതു്. വാസ്തവത്തിൽ വനം സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവൺമെൻറിനുണ്ടു്. അതിൽ വ്യക്തികളെ നോക്കാൻ പാടില്ല, പ്രത്യേക സംഘടനകളെ നോക്കാൻ പാടില്ല. വനം സംരക്ഷിക്കുന്ന കാര്യത്തിൽ കർശനമായി നിയമം പാലിക്കേണ്ട ചുമതല ഗവൺമെന്റു ഏറ്റെടുക്കേണ്ടതാണു്. ഏതെങ്കിലും വിധത്തിലുള്ള കയ്യേറ്റം നടത്തിയിട്ടുണ്ടെങ്കിൽ അവരെ ഒഴിപ്പിക്കണമെന്നതു ന്യായമാണു് എനിക്കുള്ള അഭിപ്രായം. ഈ കാര്യത്തിൽ ഗവൺമെന്റു പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കണമെന്നാണു് എനിക്കപേക്ഷിക്കുവാനുള്ളതു്.

നമ്മുടെ വനത്തിൽ നിന്നും ധാരാളം വിദേശനാണ്യം ലഭിക്കുന്നതിനുള്ള സാധനങ്ങൾ കിട്ടുന്നതാണു്. വിദേശങ്ങളിലേയ്ക്കു ആവശ്യമായ നല്ല ഔഷധങ്ങൾ നമ്മുടെ വനങ്ങളിൽ ധാരാളമായി വളരുന്നുണ്ടു്. അതുപോലെതന്നെ പല ഉപകരണങ്ങളും ഉണ്ടാക്കാൻ സാദ്ധ്യതയുണ്ടു്. ഇവിടത്തെ എക്കണാമിക് റവ്യൂവിൽതന്നെ ഇക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ടു്. വിദേശനാണ്യം ലഭിക്കത്തക്കവിധത്തിൽ ശാസ്ത്രീയമായ ഗവേഷണങ്ങളും ഈ കാര്യത്തിൽ നടത്തേണ്ടതാണു്. അതിനു നമ്മുടെ സംസ്ഥാനത്തു വിദഗ്ദ്ധന്മാരായ ആളുകളും ഇല്ലെങ്കിൽ വിദേശങ്ങളിൽനിന്നും അങ്ങനെയുള്ള ആളുകളെ കൊണ്ടുവരാതെ കഴിയുകയില്ല. വടക്കേ മലബാറിൽ വളപട്ടണ

[ശ്രീ. സി.എം. കുട്ടി]

പ്രദേശത്തു ഒരു പ്രൈവുഡ് ഫാക്ടറി നടത്തുന്നുണ്ട്. വിദേശത്തുള്ള വിദഗ്ദ്ധന്മാരുടെ സേവനം അതിനുലഭിക്കുന്നു. ജർമ്മനിയിൽനിന്നും വിദഗ്ദ്ധനായ ഒരാളെ കൊണ്ടുവന്നാണ് പരിശീലനം നടത്തുന്നതു്. നമ്മുടെ വനത്തിലുള്ളസമ്പത്തു, അതിന്റെ പൂർണ്ണഫലവും നേടുന്നതിനു പരിശീലനം സിദ്ധിച്ച ആളുകളും ഈ സ്റ്റേറ്റിൽ ഇല്ലെങ്കിൽ ജർമ്മനി തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വിദഗ്ദ്ധന്മാരെ വരുത്തി പരിശീലനം നൽകണമെന്നും അഭിപ്രായപ്പെട്ടു കൊണ്ടു് ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണു്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : സർ, ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു. നമ്മുടെ പൂർവ്വികന്മാർ വനങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ വളരെ താല്പര്യമുള്ളവരായിരുന്നു. സമൂഹത്തിന്റെ ഭൌതികവും ആദ്ധ്യാത്മികവുമായ നേട്ടങ്ങൾക്കു് കാരണമായി അവർ വനങ്ങളെ ആദരിച്ചിരുന്നുവെന്നുള്ളതിൽ തെറ്റില്ല വൃക്ഷങ്ങളെ ആരാധിക്കുന്നതിനും, വളർത്തുന്നതിലും നമ്മുടെ പൂർവ്വികന്മാർ സംതൃപ്തി പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഇന്നാണെങ്കിൽ വൃക്ഷങ്ങളെ വെട്ടിമുറിച്ചു് കഷ്ടം കഷ്ടമായി വിൽക്കുന്ന കാഴ്ചയാണു് കാണുന്നതു്. നമ്മുടെ സ്റ്റേറ്റിലെ ഏറ്റവും വലിയ ഒരു നിക്ഷേപം നമ്മുടെ വനസമ്പത്താണു്. ആ വനസമ്പത്തു് ഇന്നു് ദിനംപ്രതി കുറഞ്ഞുവരികയാണു്. ഇന്നു് നമുക്കു് ധാരാളം വനസമ്പത്തുണ്ടെന്നും, അതെല്ലാം ജനങ്ങൾക്കു് വേണ്ടി വീതിച്ചുകൊടുക്കണമെന്നും ഒരു അഭിപ്രായം ചില ഭാഗങ്ങളിൽനിന്നും ഉണ്ടായിട്ടുണ്ടു്. മനുഷ്യക്കു വനം വീതിച്ചുകൊടുക്കണമെന്നും മൃഗങ്ങൾക്കായി ഇത്രയും ഭൂമി നിലനിർത്തേണ്ട ആവശ്യമില്ലെന്നുമുള്ള മറ്റൊരു വാദഗതിയും ഇവിടെ ഉയർന്നിട്ടുണ്ടു്. അങ്ങനെ നോക്കുകയാണെങ്കിൽ നമ്മുടെ സ്റ്റേറ്റിൽ വളരെ വിശാലമായ അനേകം സ്ഥലങ്ങളുണ്ടു്. ഉദാഹരണമായി ഇവിടെ തിരുവനന്തപുരത്തുതന്നെ മൃസിയം ഇട്ടിരിക്കുന്നിടത്തു് പത്തു ഇരുപത്തിയഞ്ചു ഏക്കറോളം സ്ഥലംവരും. അവിടെ കിടക്കുന്ന മൃഗങ്ങളെയെല്ലാം തുറന്നു വിട്ടിട്ടു് ആ സ്ഥലം കുറെ കുടുംബങ്ങൾക്കു് താമസിക്കാൻ കൊടുത്തുകൂടേ ? പിന്നെ ധാരാളം സ്റ്റേഡിയങ്ങൾ ഈ രാജ്യത്തുണ്ടു്. അവിടെ കുറെകുടുംബങ്ങൾക്കു് താമസിക്കാൻ കൊടുത്തുകൂടേ ? ഞാൻ ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നതു് മനുഷ്യക്കു് താമസിക്കാനെന്ന പേരിൽ നാട്ടിന്റെ വിശാലമായ താല്പര്യങ്ങളും കാര്യങ്ങളും ആരും വിസ്മരിക്കരുതെന്നു് അറിയിക്കുന്നതിനുവേണ്ടിയാണു്.

ഈ ഗവണ്മെൻറു് വനസംരക്ഷണത്തിന്റെ പേരിൽ ധീരമായ പല നടപടികളും കൈക്കൊണ്ടിട്ടുള്ളതിന്റെ പേരിലാണു് ഞാൻ ഈ ഡിമാൻറിനെ പിൻതാങ്ങുന്നതു്. ഇപ്പോഴും നമുക്കു് വനസംരക്ഷണത്തിന്റെ പേരിൽ പല നേട്ടങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണു്. എന്നാൽ ഈ രാജ്യത്തു് നാളുകൾ കഴിയുംതോറും വനസമ്പത്തിനെ നശിപ്പിക്കാനുള്ള വ്യഗ്രതയാണു് കാണുന്നതു്. അങ്ങനെ ശ്രദ്ധിച്ചു് ശ്രദ്ധിച്ചു് വരുന്ന വനസമ്പത്തിനെ എങ്ങനെ സംരക്ഷിക്കാമെന്നുള്ളതിനെ ലക്ഷ്യമാക്കിക്കൊണ്ടാണു് ഈ ഗവണ്മെൻറു മുന്നോട്ടു പോകുന്നതു്. ഏറ്റവും ആവശ്യമായ സ്ഥലങ്ങൾ വനമായി പ്രഖ്യാപിക്കുകയും, അത്തരം പ്രദേശങ്ങളിൽനിന്നും കയ്യേറ്റം നടത്തിയവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. ഈ രാജ്യത്തിലെ വികസനപരമായ കാര്യങ്ങൾക്കുവേണ്ടി പല ആളുകളേയും ഒഴിപ്പിക്കണമെന്നു് ഈ ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടു്. ആളുകൾ വനങ്ങൾ കയ്യേറ്റം നടത്തുന്നതു് എങ്ങനെയാണെന്നുവെച്ചാൽ, ആദ്യം വനത്തിന്റെ മദ്ധ്യത്തിൽ കയ്യേറ്റം നടത്തി അവിടെ കുടികെട്ടിതാമസിച്ചു കൃഷി ചെയ്യാൻ തുടങ്ങും. എന്നിട്ടു് അവിടെയിരുന്നുകൊണ്ടു് അവരുടെ കയ്യേറ്റ സ്ഥലത്തിന്റെ വ്യാസം വർദ്ധിപ്പിക്കും. ഇങ്ങനെ വളരെ വളരെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽകൂടി ആളുകൾ കയ്യേറ്റം നടത്തിയിട്ടുണ്ടു്. ഇത്തരം പോക്കറ്റു് ഏരിയാസിൽപ്പെട്ട സ്ഥലങ്ങളിൽനിന്നും വനസംരക്ഷണത്തിന്റെ ആവശ്യത്തിനുവേണ്ടി ആളുകളെ ഒഴിപ്പിക്കുന്നുണ്ടു്. പോക്കറ്റു ഏരിയായിൽനിന്നും ആളുകളെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. അങ്ങനെ ഒഴിപ്പിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം, അവർക്കു പുനരധിവാസത്തിനുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിലും, നല്ല സ്ഥലങ്ങൾ കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിലും, മറ്റാനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നതിലും, മാനുഷികമായ വിലകല്പിച്ചുകൊണ്ടു് മനുഷ്യോചിതമായ രീതിയിൽ ഗവണ്മെൻറിൽനിന്നും കൈകാര്യം ചെയ്യുന്നുണ്ടു്. നമ്മുടെ വനങ്ങളിൽനിന്നും നമുക്കു് ധാരാളം വരുമാനം കിട്ടുന്നുണ്ടു്. ഗവണ്മെൻറിന്റെ സ്ഥിതിവിവരകണക്കുകളും നോക്കിയാൽ കാണാൻ സാധിക്കും വനങ്ങളിൽനിന്നും 1958--59--ൽ 113.6 ലക്ഷം രൂപ വരുമാനമായി കിട്ടിയിരുന്നുവെങ്കിൽ, 1962-63-ൽ അതു് 409.1 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടു് എന്നു്. ഇതു് കേവലം വിറകുവെട്ടിയും മരങ്ങളും വെട്ടിയും വിറ്റു സമ്പാദിക്കുന്നതാണെന്നു് ഓർക്കുമ്പോൾ നമ്മുടെ വനസമ്പത്തിന്റെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണു്. ഒരേക്കർ വനഭൂമിയിൽനിന്നും ആയിരം രൂപയുടെ വരുമാനം കണിശമായിട്ടും നമുക്കു് സമ്പാദിക്കാൻ സാധിക്കുന്നതാണു്. അങ്ങനെ ഈ ഗവണ്മെൻറിൽനിന്നും വനങ്ങളെ സംരക്ഷിക്കാനും, വനസമ്പത്തു് വികസിപ്പിക്കാനും, പ്ലാന്റേഷനുകളും ആരംഭിക്കാനും തുടങ്ങിയിട്ടുണ്ടു്. പ്ലാന്റേഷനുകളും പുതിയതായി ആരംഭിക്കുമ്പോൾ പ്രധാനമായി രണ്ടു കാര്യങ്ങളാണു് സ്വീകരിച്ചിട്ടുള്ളതു്. ഒന്നു നമുക്കു അവ ആരംഭിക്കുന്നതിനു് ധാരാളം പണം വേണം. രണ്ടാമതു് ഏറ്റവും വിലപിടിച്ച മരങ്ങളും വ്യവസായത്തിനാവശ്യമുള്ള തടികളും, വേഗത്തിൽ വളർന്നുവരുന്ന വൃക്ഷങ്ങളും ഏതാണെന്നു് കണ്ടുപിടിച്ചു് അവയും പ്ലാൻറു ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിരിക്കുകയാണു്. അങ്ങനെ വ്യാവസായികമായി ഏറ്റവും വിപ്ലവകരമായ മാറ്റം വനവികസനത്തിൽകൂടി സൃഷ്ടിക്കാൻ സാധിക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണു് ഇന്നു ഈ ഗവണ്മെൻറു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. യൂക്കാലിപ്ടസ് മരങ്ങളും, മറ്റു സോഫ്റ്റ്വുഡ് ഇനത്തിൽപ്പെട്ട മരങ്ങളും ഉണ്ടാകുകയാണെങ്കിൽ വ്യാവസായികപരമായിത്തന്നെ ഇതിലും വലിയ നേട്ടങ്ങൾ വരുത്താൻ സാധിക്കുന്നതാണു്.

സർ, മറ്റൊരു കാര്യം എനിക്കു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു് സ്വകാര്യവനങ്ങളും, പ്രത്യേകിച്ചു് ദേവസ്വംവക വനങ്ങളും ചാർത്തികൊടുക്കുന്നതിനെപ്പറ്റിയാണു്. ദേവസ്വംവക വനഭൂമികളും ചാർത്തികൊടുത്തിടത്തുവാസ്തവത്തിൽ ഇന്നും, അവിടെയുള്ള കാടുകളും നശിപ്പിച്ചിട്ടില്ലെന്നു് കാണാവുന്നതാണു്. പുൽപ്പള്ളി ദേവസ്വത്തിന്റെ കുറെ സ്ഥലങ്ങളും ലീസു് ചെയ്യുതല്ലാതെ ഇന്നും വലിയ വലിയ മരങ്ങളും നശിപ്പിക്കാതെ അവിടെ നില്ക്കുന്നുണ്ടു്. അവയെല്ലാംതന്നെ മാറ്റണമെങ്കിൽ എം. പി. പി. എഫു്. ആക്ടനുസരിച്ചു് കളക്ടറുടെ അനുവാദം വാങ്ങിച്ചതിനുശേഷം മാത്രമേ സാധിക്കുകയുള്ളു. വാസ്തവത്തിൽ ദേവസ്വം ഭൂമികളും ചാർത്തികൊടുത്തിട്ടുണ്ടെന്നുള്ളതല്ലാതെ പ്രതിപക്ഷം പൊക്കിപറയുന്നപോലെ വനനശീകരണം ഉണ്ടായിട്ടില്ല. അവിടെയുള്ള വനസമ്പത്തു് മുഴുവൻ നശിപ്പിച്ചുകളഞ്ഞുവെന്നു പറയുന്നതു് തെറ്റാണു്.

അടുത്തകാലത്തുണ്ടായ തീപിടുത്തത്തെസംബന്ധിച്ചു് ഒരു കാര്യം കൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. ഈ തീപിടിത്തത്തെസംബന്ധിച്ചു് വളരെ ഗൌരവബോധത്തോടുകൂടി ഏറ്റവും കുലംകഷമായി ഗവണ്മെൻറിൽനിന്നും അന്വേഷിക്കുകയും, ഇതു് എങ്ങനെയാണു് ഉണ്ടായിട്ടുള്ളതെന്നും, മേലാൽ തീപിടിത്തം ഉണ്ടാകാതിരിക്കാൻ എന്താണു് ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റിയും ആലോചിക്കേണ്ടതാണു്. ഇന്നു് മനുഷ്യർ ശാസ്ത്രത്തിലും മറ്റു പലവിധത്തിലും മുന്നോട്ടു പോയിരിക്കുന്ന ഈ ഘട്ടത്തിൽ ഇതിനെല്ലാം ഒരു പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നുള്ളതു് കണക്കിലെടുത്തുകൊണ്ടു്, വ്യക്തമായ നിർദ്ദേശങ്ങളും വിദഗ്ദ്ധന്മാരിൽനിന്നും ആരായേണ്ടതാണു്. ഇതിൽ ആരെങ്കിലും കുറ്റവാളികളായിട്ടുണ്ടെങ്കിൽ അവരെ കണ്ടുപിടിച്ചു് കർശനമായ രീതിയിൽ ശിക്ഷിക്കണമെന്നു് സൂചിപ്പിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ശ്രീ. സുന്ദരം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കട്ടുമോഷണത്തെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ വനസംരക്ഷണത്തെക്കുറിച്ചു് ഇവിടെ വളരെയേറെ പറഞ്ഞു കേൾക്കുന്നുണ്ടു്. നമ്മുടെ വനങ്ങളെ സംരക്ഷിക്കേണ്ടതു് വളരെ ആവശ്യമാണു്. അതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകാൻ ഇടയില്ല. പക്ഷെ ഈ പറയുന്നതിനനുസരിച്ചു് ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

നടപടികളും ഗവണ്മെന്റു ഭാഗത്തുനിന്നുണ്ടാകുന്നുണ്ടോയെന്നു് പരിശോധിച്ചാൽ, ഈ പറച്ചിലുകളിൽ വേണ്ടത്ര ആത്മാർത്ഥതയില്ലെന്നു് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ വനഭൂമിയുടെ കണക്കു് രണ്ടുതരത്തിൽ കാണുന്നുണ്ടു്. ലോകനാഥൻ റിപ്പോർട്ടിൽ 1962–ലെ കണക്കനുസരിച്ചു് ഏതാണ്ടു് 22.28 ലക്ഷം ഏക്കർ ഉണ്ടെന്നു കാണുന്നു. എന്നാൽ ഇവിടെ തന്നിട്ടുള്ള എക്കണോമിക് റവ്യൂവിൽ കാണുന്നതു് 22.2 ലക്ഷം ഏക്കർ ആണെന്നാണു്. മലബാറിൽ സ്വകാര്യവനങ്ങളും ഏതാണ്ടു് അഞ്ചു ലക്ഷത്തോളം ഏക്കർ ഉണ്ടെന്നാണു് കാണുന്നതു്. ഇതാണു ആകെയുള്ള വനഭൂമി. ഇവിടെ വനഭൂമിയിൽ കയ്യേറക്കാർ കയറി അവർ കുഴപ്പം ഉണ്ടാക്കിയതിനെപ്പറ്റിയുള്ള വർത്തമാനം മാത്രമേ കേൾക്കാനുള്ളൂ. അൻപത്തിരണ്ടായിരത്തിനാലായിരം ഏക്കർ ഭൂമി കയ്യേറാം നടത്തിയിട്ടുണ്ടെന്നാണു് ഒരു ചോദ്യത്തിനുത്തരമായി മന്ത്രി ഇവിടെ പറഞ്ഞതു്. പിന്നെയൊരു ചോദ്യം ചോദിച്ചപ്പോൾ വ്യക്തമായി കണക്കുകൾ കിട്ടിയിട്ടില്ലെന്നു് പറയുകയുണ്ടായി. അങ്ങനെ കിട്ടിയിട്ടുള്ള കണക്കനുസരിച്ചു് 59,000 ഏക്കർ സ്ഥലത്താണു് കയ്യേറാം നടത്തിയിട്ടുള്ളതു്. ഇതിൽ കുറെ ഭൂമിയിൽനിന്നും പദ്ധതികളുടെ ആവശ്യത്തിനുവേണ്ടി ഒഴിപ്പിച്ചെടുത്തു. ഇടുക്കി പദ്ധതിക്കുവേണ്ടി 1,800 കൃഷിക്കാരേയും പന്നിയാർ പ്രോജക്ടിനു വേണ്ടി 500 വീട്ടുകാരേയും കീരിത്തോട്ടിൽനിന്നും 700 വീട്ടുകാരേയും ഒഴിപ്പിച്ചു് ഭൂമി ഏടുത്തിട്ടുണ്ടു്, ബാക്കിയുള്ള ഭൂമിയിൽ ഏതാണ്ടു് കുത്തക പാട്ട വ്യവസ്ഥയിൽ കൃഷിചെയ്യുന്നതിനുവേണ്ടി 3,695 ഏക്കർ നൽകിയിട്ടുണ്ടു്. ബാക്കിയുള്ളതു് ഗവണ്മെന്റിന്റെ കൈവശമുണ്ടു്. ഈ വനഭൂമി സംരക്ഷിക്കുന്നതിനും വനസമ്പത്തു് വർദ്ധിപ്പിക്കുന്നതിനും ഉള്ള ഗവണ്മെന്റിന്റെ നടപടികളെ വിലയിരുത്തിനോക്കിയാൽ, വനസമ്പത്തു സംരക്ഷിക്കുകയെന്നുള്ള മുദ്രാവാക്യമല്ലാതെ, അതിൽ വേണ്ടത്ര ആത്മാർത്ഥതയില്ലെന്നു് മനസ്സിലാക്കാൻ സാധിക്കുന്നതാണു്. മൂന്നാം പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിൽ നമ്മുടെ വനസമ്പത്തു് സംരക്ഷിക്കേണ്ടതിൽ എടുത്തിട്ടുള്ള നടപടികളും എത്രത്തോളം ഫലപ്രദമായി വന്നുവെന്നു് നമുക്കു പരിശോധിക്കാം. അഞ്ചുകൊല്ലംകൊണ്ടു് മുപ്പതിനായിരം ഏക്കർ സ്ഥലത്തു് തേക്കു് വെച്ചുപിടിപ്പിക്കണമെന്നാണു് മൂന്നാം പഞ്ചവത്സരപദ്ധതിയിൽ പറഞ്ഞിട്ടുള്ളതു്. അതിൽ മൂന്നുകൊല്ലം കൊണ്ടു് 14,666 ഏക്കർ സ്ഥലത്തുമാത്രമാണു് വെച്ചുപിടിപ്പിച്ചിട്ടുള്ളതു്. സോഫ്റ്റ് വുഡു് അഞ്ചുകൊല്ലംകൊണ്ടു് 15,500 ഏക്കർ സ്ഥലത്തു വെച്ചുപിടിപ്പിക്കണം. അതിൽ മൂന്നുകൊല്ലംകൊണ്ടു് 8,200 ഏക്കർ സ്ഥലത്തുമാത്രമാണു് വെച്ചുപിടിപ്പിച്ചതു്. യൂക്കാലിപ്ടസ് അഞ്ചുകൊല്ലംകൊണ്ടു് 15,000 ഏക്കർ സ്ഥലത്തുവെച്ചുപിടിപ്പിക്കണമെന്നുള്ളതണു്. അതിൽ രണ്ടു കൊല്ലംകൊണ്ടു് 6,845 ഏക്കർ സ്ഥലത്താണു് വെച്ചുപിടിപ്പിച്ചതു്. അഞ്ചുകൊല്ലംകൊണ്ടു് സാൻഡൽ വുഡ് 1,300 ഏക്കർ സ്ഥലത്തു് വെച്ചുപിടിപ്പിക്കണമെന്നാണു് ഉള്ളതു്. അതിൽ രണ്ടു കൊല്ലംകൊണ്ടു് 450 ഏക്കർ സ്ഥലത്താണു് വെച്ചുപിടിപ്പിച്ചിട്ടുള്ളതു്. 1963–64–ൽ 150 ഏക്കർ സ്ഥലത്തുകൂടി സാൻഡൽവുഡ് വെച്ചുപിടിപ്പിച്ചിട്ടുണ്ടു്. അങ്ങനെ ആകെ 600 ഏക്കർ സ്ഥലത്തു് കൃഷിചെയ്തിട്ടുണ്ടു്. മലംപുഴയിൽ ആയിരം ഏക്കർ സ്ഥലത്തു് ബാംബൂ വെച്ചുപിടിപ്പിക്കണമെന്നാണു്. അതിൽ രണ്ടു കൊല്ലംകൊണ്ടു് 328 ഏക്കർ സ്ഥലത്താണു് വെച്ചുപിടിപ്പിച്ചിട്ടുള്ളതു്. ബാക്കി രണ്ടു കൊല്ലം വെച്ചുപിടിപ്പിക്കാത്തതു് അകപ്പിസിഷൻ നടപടികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഇക്കൊല്ലം അകപ്പിസിഷൻ നടപടികളും പൂർത്തിയാക്കുകയാണെങ്കിൽ കുറച്ചുകൂടെ വെച്ചുപിടിപ്പിക്കാൻ കഴിയുമെന്നാണു് പറയുന്നതു്. ഫോറസ്റ്റ് കൺസാളിഡേഷന്റെ ആവശ്യത്തിനുവേണ്ടി 22.38 ലക്ഷം രൂപ അഞ്ചുകൊല്ലം കൊണ്ടു് ചെലവു ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. പക്ഷേ 1963–64–ലാണു് അതിന്റെ ആവശ്യത്തിനുവേണ്ടി റീസർവ്വേ ജോലികളും ആരംഭിച്ചതു്. അതു് ഇക്കൊല്ലം കൊണ്ടു് പൂർത്തിയാക്കാൻ കഴിയുമെന്നാണു് പറയുന്നതു്. അതിനുവേണ്ടി 1964-65-ൽ രണ്ടു ലക്ഷം രൂപയാണു് നീക്കിവെച്ചിട്ടുള്ളതു്. മൂന്നാം പദ്ധതിയിൽ 22.38 ലക്ഷം രൂപ ചെലവാക്കേണ്ട ഒരു പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങളും ആരംഭി

LIBRARY ARCHIVES Kerala Legislative Assembly

ച്ചതു കഴിഞ്ഞകൊല്ലമാണു്. അതിലേയ്ക്കു വേണ്ടി വരുന്നകൊല്ലത്തേയ്ക്കു് നീക്കിവെച്ചിട്ടുള്ളതു് വെറും രണ്ടു ലക്ഷംരൂപമാത്രമാണു്.

അഞ്ചു ലക്ഷത്തോളം ഏക്കർ സ്വകാര്യവനങ്ങളും മലബാർ ജില്ലയിലുണ്ടെന്നു് പറയുന്നു. സ്വകാര്യ വനങ്ങളും ഗവണ്മെൻറിൽനിന്നും അകപ്പെടുത്തുന്നതിനുവേണ്ടി നൂറുലക്ഷം രൂപയാണു് പ്ലാൻഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നതു്. എന്നാൽ ഇതുവരെയായിട്ടും അതിൽ യാതൊരു നടപടിയും എടുത്തിട്ടില്ലെന്നുള്ളതാണു വാസ്തവം. ഇപ്പോൾ അതിലേയ്ക്കുവേണ്ടി ഒരു ബിൽ തയാറാക്കി കേന്ദ്രഗവണ്മെൻറിലേയ്ക്കു് അയച്ചുകൊടുത്തിട്ടുണ്ടു്. അതിൽ വെറും നാലായിരം രൂപയാണു് ചെലവു ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതു്. അപ്പോൾ ഈ അഞ്ചു ലക്ഷം ഏക്കർ സ്വകാര്യവനങ്ങളും ഗവണ്മെൻറിലേയ്ക്കു് സ്വായത്തമാക്കുന്ന കാര്യത്തിൽ കാര്യമായ നടപടികളൊന്നും എടുക്കാൻ ഉദ്ദേശിക്കുന്നില്ല ഇതെല്ലാം നോക്കുമ്പോൾ വനം സംരക്ഷിക്കുകയെന്നുള്ള മുദ്രാവാക്യം വെറും പൊള്ളയാണെന്നു മനസ്സിലാക്കാൻ സാധിക്കും. യഥാർത്ഥ വനം കയ്യേറക്കാരെ രക്ഷിക്കുന്നതിനും സാധുക്കളായ ആളുകളെ അപകടത്തിലാക്കുന്നതിനുംവേണ്ടി മനഃപൂർവ്വം ഒരു ധൂമപടലം സൃഷ്ടിക്കുകയാണു് ഗവണ്മെൻറിൽ നിന്നും.

ഇതിനുമുമ്പൊരുദിവസം ഇവിടെ പതിച്ചുകൊടുത്തിട്ടുള്ള ഭൂമിയുടെ കണക്കു ചോദിച്ചപ്പോൾ അൻപത്തിനാലായിരം ഏക്കർ ഭൂമി അൻപതു് പേർക്കായി പതിച്ചുകൊടുത്തുവെന്നു പറയുകയുണ്ടായി. കുറെ ദിവസങ്ങൾക്കു മുമ്പു്, ഫോറസ്റ്റു് ചീഫു് കൺസർവേറ്റർ മി. ജോർജ്ജു് മാതൃഭൂമി ലേഖകനോടു പറഞ്ഞതായിട്ടു മാതൃഭൂമിയിൽ ലേഖനം ചെയ്തിരിക്കുന്നതു് കാണുകയുണ്ടായി, അതായതു് മലയാറ്റൂർ, കോട്ടയം ഡിവിഷനിൽ അറുപതിനായിരം ഏക്കർ സ്ഥലം പതിനായിരം കുടുംബങ്ങൾക്കു കയ്യേറിയിട്ടുണ്ടെന്നു്. ഇവിടെ അറുപതിനായിരം ഏക്കർ ഭൂമി പതിനായിരം കുടുംബങ്ങളാണു് കയ്യേറിയിരിക്കുന്നതു്. എന്നാൽ ഗവണ്മെൻറു പതിച്ചുകൊടുത്തതോ അൻപത്തിനാലായിരം ഏക്കർ ഭൂമി അൻപതു് കുടുംബങ്ങൾക്കായി കൊടുക്കുകയാണു് ചെയ്തിരിക്കുന്നതു്. അപ്പോൾ ഇതിന്റെ രണ്ടിന്റെയും വ്യത്യാസം നമുക്കു് മനസ്സിലാക്കാവുന്നതാണു്. നമ്മുടെ രാജ്യത്തിൽ താമസിക്കുന്നതിനു് സ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന ആളുകളും, പാവപ്പെട്ടവരായ ആളുകളും, എവിടെയെങ്കിലും താമസിക്കണമെന്നു് ആഗ്രഹിക്കുന്ന ആളുകളും അവരാണു അറുപതിനായിരം ഏക്കറിൽ പതിനായിരം കുടുംബങ്ങളും എന്നു പറയുന്നതു്. എന്നാൽ ഗവണ്മെൻറിൽനിന്നും പതിച്ചുകൊടുത്തിട്ടുള്ളതോ, വലിയ പണക്കാരായ ആളുകൾക്കു്. അവർക്കു് ആ ഭൂമിയിൽ കൃഷിചെയ്യുകയല്ല ലക്ഷക്കണക്കിനു രൂപയുടെ സ്വത്തുണ്ടാക്കാനുള്ള വ്യഗ്രതയാണു് ഉള്ളതു്. ഈ ഭൂമി വനസംരക്ഷണത്തിന്റെ പരിധിയിൽ പെടുന്നതല്ലേ? അവിടെയെല്ലാം വനമായി സംരക്ഷിക്കേണ്ടതല്ലേ? അതു് സംരക്ഷിക്കുന്നതിനുള്ള ഏർപ്പാടുകളും ത്വരിതഗതിയിൽ നടത്തണ്ടേ? പക്ഷെ അവിടെയൊന്നും ഗവണ്മെൻറിനു് ചെയ്യേണ്ടതായിട്ടില്ല. പതിനായിരക്കണക്കിനു് ഏക്കർ ഭൂമി സ്വന്തം കക്ഷിയിൽപ്പെട്ടവർക്കും വേണ്ടപ്പെട്ടവർക്കും പതിച്ചുകൊടുക്കുന്നു. അതെല്ലാം മൂടിവെയ്ക്കുന്നതിനുവേണ്ടി മാത്രമാണു്, പാവപ്പെട്ടവരായ ആളുകളും കയറി താമസിക്കുന്നതു് ഒഴിപ്പിക്കുന്നതിനുള്ള നടപടികളുംഎടുത്തുപറയുന്നു. അതു് വലിയ ഒരു പ്രശ്നമാക്കി ഉയർത്തി കാണിക്കുന്നതു്. നമ്മുടെ രാജ്യത്തിലെ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ടു് ഒരു ഇഞ്ചു ഭൂമി പോലും ഇല്ലാത്തവരായ, പട്ടിണികിടക്കുന്നവരായ ഒരു വിഭാഗം ആളുകളെ കുടിയൊഴിപ്പിച്ചു് അവരെ ഒരു ജീവിതസമരത്തിലേയ്ക്കു് ഇറക്കിവിട്ടിരിക്കുകയാണു്. ഇതിന്റെ മൗലികമായ മാനുഷികപ്രശ്നങ്ങളെ കണക്കിലെടുക്കാതെ, നമ്മുടെ രാജ്യത്തു വൻതോതിലുള്ള വനംകയ്യേറ്റങ്ങളുണ്ടെന്നും അതു തടയുന്നതിനുള്ള നടപടികളെടുക്കേണ്ടതാണെന്നും പറയുന്നതു് ന്യായമാണോ; നീതിയാണോ? എനിക്കു് പറയാനുള്ളതു് ഇങ്ങനെ പാവപ്പെട്ടവരായ ആളുകളെ ഒഴിപ്പിക്കാൻ നടപടികളെടുക്കുന്നതിനുമുമ്പു് അവർ താമസിക്കുന്ന സ്ഥലങ്ങളും വനസംരക്ഷണത്തിനു് ആവശ്യമുള്ളതാണോയെന്നും, അതു് ഏതെങ്കിലും വിധത്തിൽഒഴിപ്പിക്കാതിരിക്കാൻ സാധിക്കുമോ എന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നതിനു് എല്ലാ കക്ഷികളേയും വിളിച്ചുകൂട്ടി തീരുമാനിക്കണം എന്നുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

അതിനാവശ്യമായ എന്തു നടപടിയെടുക്കാൻ സാധിക്കും? അതിനാവശ്യമായ നടപടിയെടുക്കാൻ നമുക്കു നിവൃത്തിയില്ലെങ്കിൽ നമ്മുടെ രാജ്യത്തിലെ പ്രത്യേക പ്രശ്നങ്ങളെ കണക്കിലെടുത്തുകൊണ്ടു കേന്ദ്രഗവണ്മെൻറു മുൻപാകെ ഈ പ്രശ്നം അവതരിപ്പിച്ചു് ആവശ്യമായ ഫണ്ടു് നേടുന്നതിനുള്ള നടപടി എടുക്കണം. ആ രീതിയിലല്ലാതെ ഉരുക്കുമുഷ്ടി ഉപയോഗിച്ചു പാവപ്പെട്ട ആദിവാസികളെ ഇവിടെനിന്നു ഓടിച്ചുവിട്ടു രാജ്യത്തു് കുഴപ്പം സൃഷ്ടിക്കുന്നതു ശരിയല്ല. ഈയിടെ പത്രങ്ങളിലൊരു വാർത്ത കാണുകയുണ്ടായി, കീരിത്തോട്ടിൽനിന്നു് കുടിയിറക്കപ്പെട്ട, യാതൊരു കുറ്റവും ചെയ്യാത്ത ആളുകൾ, എൻകുടിയിരിക്കുന്നതെവിടെ കൊടുക്കേണ്ട ആളുകൾ, തെരിവുനീളെ അലഞ്ഞുതിരിഞ്ഞുനടക്കുന്നതായിട്ടു്. അവരുടെമേൽ കേസുണ്ടു്. അതുകൊണ്ടു് ആ രീതിമാറ്റി ഇതു രാജ്യത്തിൻറെ ഒരു പ്രശ്നമാണെന്നുള്ള നിലയിൽ സമീപിക്കണം. എല്ലാ കക്ഷികളേയും വിളിച്ചുകൂട്ടി ആലോചിച്ചു അതിൻറെ അടിസ്ഥാനത്തിൽ ഒരു തീരുമാനം എടുക്കണം, രാധാകൃഷ്ണമേനോൻ കമ്മിറ്റിറിയുടെ റിപ്പോർട്ടിനെ സംബന്ധിച്ചും ശക്തിയായ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ടു്. ആ റിപ്പോർട്ടു് ഇതുവരെ പരസ്യപ്പെടുത്തിയിട്ടില്ല. പരസ്യപ്പെടുത്താത്ത ഒരു റിപ്പോർട്ടിനെ വച്ചു്തീരുമാനമെടുത്തിരിക്കുകയാണു് ഇവിടെ ചെയ്തിരിയ്ക്കുന്നതു്. ഏകപക്ഷീയമായ ഒരു കമ്മിറ്റിറിയുണ്ടാക്കി ഉദ്യോഗസ്ഥന്മാരെമാത്രം ആശ്രയിച്ചുകൊണ്ടു് ഒരു റിപ്പോർട്ടുണ്ടാക്കി അതു ചർച്ച ചെയ്യാനുള്ള ഒരവസരംപോലും നൽകാതെ അതിനെ അടിസ്ഥാനപ്പെടുത്തി വനസംരക്ഷണത്തിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്. ഇതു ശരിയായിട്ടുള്ള ഒരു നടപടിയല്ല, ഇതു ശരിയായിട്ടുള്ള വനസംരക്ഷണമാകുകയില്ല. ഇതു രാജ്യത്തിൻറെ ആകെ പ്രശ്നമെന്നുള്ള നിലയിൽ, ഒരു മാനുഷിക പ്രശ്നമെന്നുള്ള നിലയിൽ ആ പ്രശ്നത്തിനു് സമാധാനകരമായ ഒരു പരിഹാരം കാണാനുള്ള സമീപനമാണു് ഗവണ്മെൻറു ഭാഗത്തു നിന്നും ഉണ്ടാകേണ്ടതു്. അല്ലാതെ എടുക്കുന്ന നടപടികളൊന്നും വനസമ്പത്തിനെ രക്ഷിക്കാൻ ആത്മാർത്ഥമായി എടുക്കുന്ന നടപടികളല്ല. ഇതിനു് ഒട്ടുവളരെ ഉദാഹരണങ്ങളും ഇവിടെ വ്യക്തമാക്കിയിട്ടുണ്ടു്. മലമ്പുഴ ഡാമിൻറെ ഭാഗത്തു ഇതുപോലെ പദ്ധതി സംരക്ഷണ കാര്യത്തിൽ ഗവണ്മെൻറിൻറെ ആത്മാർത്ഥതയില്ലായ്മ പ്രകടമായി കണ്ടുകഴിഞ്ഞതാണു്. ഈ കാര്യത്തിലൊക്കെ നമ്മുടെ പഞ്ചവത്സരപദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുള്ളതനുസരിച്ചു് പദ്ധതികളും പുരോഗമിപ്പിക്കാൻവേണ്ടി വനസമ്പത്തു് അഭിവൃദ്ധിപ്പെടുത്താനുള്ള യാതൊരു നടപടിയും ഈ ഗവണ്മെൻറു് എടുത്തിട്ടില്ലെന്നു് ലോകനാഥൻ കമ്മിറ്റിറി കുറ്റപ്പെടുത്തിയിട്ടുണ്ടു്. ഈ കുറ്റം ഈ ഗവണ്മെൻറു് ഏറ്റെടുക്കേണ്ടതാണു്. അതല്ലാതെ ഈ കുറ്റം പാവപ്പെട്ട കൃഷിക്കാരുടെ തലയിൽവച്ചുകെട്ടിക്കൊണ്ടു് രക്ഷപ്പെടാൻ നോക്കുന്ന പ്രവണത തെറ്റാണു്. ഗവണ്മെൻറു ഈ കാര്യത്തിൽ ഒരു പുനഃപരിശോധന നടത്തണമെന്നും എല്ലാ കക്ഷികളെയും വിളിച്ചുകൂട്ടി ആലോചിച്ചു് അതിൻറെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുത്തു് ഒരു വിദഗ്ദ്ധ കമ്മിറ്റിറിയേ നിശ്ചയിച്ചു് വനസംരക്ഷണത്തിനാവശ്യമായ ഭൂമി എവിടെയൊക്കെയാണെന്നു കണ്ടുപിടിച്ചു് ആ ഭൂമി ഒഴിപ്പിച്ചെടുക്കുകയും, പതിച്ചു കൊടുക്കേണ്ട ഭൂമി എവിടെയൊക്കെയുണ്ടെന്നുള്ളതു പരിശോധിച്ചു് ആ ഭൂമി പതിച്ചുകൊടുക്കുകയും, ഒഴിപ്പിച്ചെടുക്കുന്ന സ്ഥലങ്ങളിൽനിന്നു് കുടിയിറക്കപ്പെടുന്നവരുടെ പുനരധിവാസം നിശ്ചയിക്കുന്നകാര്യം ഒരു മാനുഷികപ്രശ്നം അല്ലെങ്കിൽ രാജ്യത്തിൻറെപ്രശ്നം എന്നുള്ള നിലയിലെടുത്തു് അതിനൊരു പരിഹാരം കാണുകയും ചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ശ്രീ. എം. എ. സുന്ദരം അവതരിപ്പിച്ച കട്ടു്മോഷനെ ഞാൻ അനുകൂലിക്കുന്നു.

Shri K. Chandrasekharan: Mr. Speaker, Sir, I would just like to place before this House, during the few minutes at 10 A. M.] my disposal, some facts about Keerithode. From Keerithode, as everybody knows, has just been evicted persons who have been residing there for the last four or five years. I met the persons who had been settled there. Most of them are now at Manarkad,

LIBRARY ARCHIVES Kerala Legislative Assembly

near Adimali and they told me that they went to the reserve forest four or five years back at the request of the local Congress Party leaders. They also told me, Sir, that when they went there they began to set fire to the forest for the purpose of cultivation and habitation ; they were welcomed by the local forest officers and when, one or two years later, there was threat of eviction and the rumour came out that forest areas would be cleared, those people thought of moving away. But the forest officers on the spot told them that nobody was going to evict them and that they can continue there.

The history of forest encroachments in Kerala, is the history of growing corruption in the Forest Department. It is the history of a particular line of party politics in the Congress Party. If you want to avoid forest encroachments, in future, and if you want to see that atleast such portions of the reserve forest in this State are not occupied but shonld remain unoccupied and continue to be unoccupied in future atleast which will be a great boon to the country, there must be some sort of change in the political line adopted by the Congress Party in this regard and there must be, if I may say so, a complete re-orientation of the Forest Department and its personnel.

I am sure, Sir, that are long Keerithode will be occupied. The expenses, all told, including that for resettlement—I have a rough calcuation—come to about 5 lakhs of rupees uptill now. That includes the cost of the land on which they have been resettled. And what for? I have no doubt, Sir, that if the present situation in the Forest Department and the politcal line taken by the Congress party, or atleast by a section of the Congress Party continues, there will not be one Keerithode but several Keerithodes in our reserve forest areas.

Keerithode is an area pre-eminently fitted for afforestation. It ought to have been reserved by the Officers of the Forest Department They have failed in their duty. When one goes to the top of the Keerithode hills, from where the reports are coming, on the other side of the river, he sees the Udumbanchola taluk of Kottayam district the good reserve forest area, completely occupied, completley encroached upon, trees felled and trees even now being felled. If that is the position on the other side of the river, what would be the position again in a few months on this side of the river. I do not believe that unless some drastic measures are taken in the matter of prevention of encroachment of reserve forest areas, there is any meaning in myself or this House giving attention to the question of eviction of encroachments. These areas seem to be necessary and essential for the purpose of dams; water-spread areas of new dams would have to be cleared. But whatever that be, we must see that, in future, there should be no more encroachments into our reserve forest areas. If that at least is done, that will be indeed a great and farsighted boon, as far as this State is concerned. I, therefore, very sincerely suggest to the hon. Government that the entire reserve police force of this State be deployed in our reserve forest areas, so that such of those reserve forest areas, which have not yet been occupied might be guarded just as the sentry in the Secretariat guards the Chief Secretary or the Ministers or the Chief Minister. I submit, Sir, that is the only way of removing a very great difficulty which the reserve forest areas in this State are experiencing.

2/1855/V

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

May I just point out one other instance. I should like to connect it with the statement made by the hon. Revenue Minister, Shri T. A. Thomman, in Palai with regard to the Malabar forest areas. I do not know whether the Malabar Forest areas which he had in mind are all areas belonging to the Forest Department. Most of the occupied areas there are private forests and they were Devaswom forests and there were allegations and counter allegations with regard to that. I do not propose to go into the detalls. I would only say that the statement made by the hon. Minister, Shri Thomman, at Palai is the most unfortunate one. It is a misguided statement. The statement that we had recently fr m the hon. Shri Thomman was the same as the one made a few months back by the hon. Shri P. T. Chacko, when he was in charge of the Home Affairs of this State. It is such a unfortunate statement that more than anything else, it probably demoralises the Forest Department and probably gives room for taking bribes and adopting corrupt practices in the lower ranks of the Forest Department.

Another instance is with regard to the Koothali Government reserve forests in Malabar area. I myself have seen that Government reserve forest and have gone through the narrow roads of that Government reserve forest several times. I am told, Sir, that a good portion of that Government reserve forest has been encroached upon for the purpose of cutting forest trees. I am told that the Collector has granted a felling permit to a neighbouring private forest owner and what has happened is, in collusion with the Officers of the Forest Department, the person who has obtained the felling permit has changed the entire boundary stones which separated the Government reserve forest from the Private forests in the Koothali area. He cuts down the trees like anything in the Koothali Government forest area and yet nothing has been done.

Shri M. P. Govindan Nair: Can you please give me details.? When did this take place and the name of the person to whom that permit was issued and other details ?

Shri K. Chandrasekharan : Yes. I shall give that. But it is rather unfortunate that I should be in a position to give the information to the Minister who is charged with the task of preventing forest encroachments. If that is the position of the Minister.....

Shri M. P. Govindan Nair : It is not correct to say that the member is in a position to supply the facts, which I am not ware of. Sir, it is an incorrect statement that he has made.

Shri K. Chandrasekharan : It is an absolutely correct statement and I would invite the hon. Minister to come along with me to those areas and see things for himself.

Shri M. P. Govindan Nair : For the purpose of getting facts which the member alleged in the House, I am not going to visit those places.

Shri K. Chandrasekharan : With regard to the question of eviction, I have got one suggestion. Sir, from what I have seen

LIBRARY ARCHIVES Kerala Legislative Assembly

at Keerithode, from what I have heard at Keerithode about the happenings there, let us decide once for all that there will not be eviction with the help of armed police force. Let us decide once for all that if we have got to evict persons form forest areas, it will be through the assistance of party committees. I should think, Sir, that the political parties in the State and their reprsentatives will be prepared to go to a particular place and see whether it is essential and if that is so, we would certainly be prepared to go, and even be prepared to take the luggage of the people who are to be evicted rather than leave it there. But nobody else cares and the poor people are greatly affected. On account of that, the happenings at Keerithode are certainly most insulting and humiliating and rather very bad for any civilised state or any civilized citizen to understand and appreciate. Let us not repeat the Keerithode incident in the form in which it took place in the State.

ശ്രീ. കെ. ടി. തോമസ് : സർ, ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുകയാണ്. കഴിഞ്ഞ വർഷത്തിൽ ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം അഭിമാനിക്കത്തക്ക നിലയിൽ പുരോഗമിച്ചിട്ടുണ്ടെന്നു പറയാൻഎനിക്കു സന്തോഷമുണ്ട്. ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിൻെറ പ്രത്യേകമായ പ്രവർത്തനം പ്ലാൻേറഷനാണ്. ഇതിൽ ഗവണ്മെൻറിനു് വമ്പിച്ച നേട്ടം ഉണ്ടായിട്ടുണ്ട്. ഇങ്ങനെ നേട്ടം ഉണ്ടാക്കാൻ സാധിച്ച ഈ ഡിപ്പാർട്ടുമെൻറിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും, മന്ത്രിയേയും അനുമോദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇക്കൊല്ലംതന്നെ ടീക്കു് പ്ലാൻേറഷൻ 3,600 ഏക്കറിൽ നടത്തിയിട്ടുണ്ടെന്നാണു് കാണുന്നതു്. അതോടുകൂടി മൊത്തത്തിൽ ഈ രാജ്യത്തുള്ള ടീക്കു് പ്ലാൻേറഷൻ 95,000 ഏക്കറായി വർദ്ധിച്ചിരിക്കുകയാണ്. അതുപോലെതന്നെ സാഫ്റ്റുവുഡു് പതിനയ്യായിരം ഏക്കർ ടാർജറ്റു് വച്ചതിൽ ഇക്കൊല്ലം 3,068 ഏക്കർ പ്ലാൻറുചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ മൊത്തം 25,000 ഏക്കറിൽ സാഫ്റ്റുവുഡു് പ്ലാൻറുചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇന്നു് നമ്മുടെ വ്യവസായങ്ങൾക്കാവശ്യമായിട്ടുള്ള റാമെറീരിയലാണു് സാഫ്റ്റുവുഡു്. ഇന്നു് പ്ലൈവുഡിനും തീപ്പെട്ടിവ്യവസായത്തിനും ആവശ്യമായ സാഫ്റ്റുവുഡു് കിട്ടാതിരിക്കുന്ന പരിതഃസ്ഥിതിയിൽ ഇതിൻെറ പ്ലാൻറിംഗു് വളരെയധികം ത്വരിതപ്പെടുത്തേണ്ടതുണ്ട്. ടാർജറ്റു് എക്സീഡു ചെയ്യുന്നതിലും അപകടമൊന്നുമില്ല. അതുപോലെതന്നെ യൂക്കാലിറസ്സു് കൃഷിചെയ്തു തുടങ്ങിയതു് ഈ അടുത്തകാലത്താണ്. 15,000 ഏക്കറാണു് ടാർജറ്റു്. അതിൽ 7,500 ഏക്കർ പ്ലാൻറു ചെയ്തിട്ടുണ്ട്. ഈ വർഷം 3,600 ഏക്കറാണു് പ്ലാൻറു ചെയ്തിരിക്കുന്നതു്, പ്ലാൻ പദ്ധതികളും ടാർജറ്റും സരിച്ചുതന്നെ മുന്നോട്ടു പോകുന്നു എന്നു കാണുന്നതുകൊണ്ടാണു് ഈ രംഗത്തു് വമ്പിച്ച നേട്ടം ഉണ്ടായിട്ടുണ്ടു്, വളരെയേറെ പുരോഗമിച്ചു എന്നു പറയുന്നതിനുള്ള പ്രധാനമായ കാരണം. ഇങ്ങനെ 1960 മുതൽ 1963-വരെ എല്ലാ ഇനം കൃഷികളുംകൂടി 41,637 ഏക്കറിൽ പ്ലാൻറിംഗു് നടത്തിയിട്ടുണ്ടു്. അതു് അഭിമാനിക്കത്തക്ക നേട്ടമാണെന്നു് ഞാൻ എടുത്തു പറയുകയാണു്. ഈ ഡിപ്പാർട്ടുമെൻറിൻെറ വരവു് സംബന്ധിച്ചു് കഴിഞ്ഞകാലങ്ങളിലെ കണക്കുനോക്കുകയാണെങ്കിൽ 1959–60–ൽ 240 ലക്ഷമായിരുന്ന ഈ ഡിപ്പാർട്ടുമെൻറിൻെറ വരുമാനം 1963-64 ആയപ്പോഴേക്കു് 480 ലക്ഷത്തോളമായി. നേരെ ഇരട്ടിച്ചു എന്നാണു് അതിൻെറ അർത്ഥം. ഈ സാമ്പത്തിക വർഷത്തിൽ 5 കോടിയോളം വരുമാനം പ്രതീക്ഷിച്ചു എങ്കിലും ചില പ്രത്യേക സാഹചര്യത്തിൽ അതു 480 ലക്ഷത്തിൽതന്നെ നിൽക്കുകയാണു്. ക്രമപ്രവൃദ്ധമായ പുരോഗതി ഈ ഇനത്തിലും കാണാൻ സാധിക്കുന്നതാണു്. ഇങ്ങനെ പ്ലാൻ പ്രവർത്തനത്തിലായാലും മറ്റു തരത്തിലായാലും കാര്യമായ മാർഗ്ഗത്തിൽ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം നടക്കുന്നു എന്നാണു് ഞാൻ പറയുന്നതു്.

സർ, മറെറാരു കാര്യം ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണു്. ഇന്നു് ഈ രാജ്യത്തു് വിറകിനു് വളരെയേറെ ക്ഷാമം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. തോമസ്]

നേരിട്ടുണ്ടു്. പ്രത്യേകിച്ചു് പട്ടണപ്രദേശങ്ങളിൽ ന്യായമായ വിലയ്ക്കു് വിറകു് ലഭിക്കുന്നില്ല എന്നുള്ളതു് പരമാർത്ഥമാണു്. അതിനു് ഈ ഡിപ്പാർട്ടുമെൻറിനു് എന്തുചെയ്യാൻ സാധിയ്ക്കുമെന്നു് ഈ അവസരത്തിൽ ചിന്തിക്കേണ്ടതുണ്ടു്. എൻെറ അഭിപ്രായത്തിൽ ഡിപ്പാർട്ടുമെൻറിൽനിന്നു് ന്യായമായ വിലയ്ക്കു് വിറകു് ഇതുപോലെ ക്ഷാമമുള്ള പ്രദേശങ്ങളിൽ വിതരണം ചെയ്യേണ്ടതാണെന്നാണു്. അതു് കൺസ്യൂമേഴ്സ് സൊസൈറ്റികളും മുഖേനയോ മറ്റു വിധത്തിലോ പാവപ്പെട്ട ആളുകൾക്കു കിട്ടത്തക്കവിധത്തിൽ വിതരണം ചെയ്യുന്നതിനു് ഡിപ്പാർട്ടുമെൻറു് മുന്നോട്ടുവരണമെന്നു് ഈ അവസരത്തിൽ ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണു്. അതു് ഗവണ്മെൻറു് കാര്യമായി പരിഗണിക്കണമെന്നു് ആവശ്യപ്പെടുകയാണു്. വേറൊരുപ്രശ്നം കഴിഞ്ഞ കാലങ്ങളിൽ ഈ ഗവണ്മെൻറിനെ മാത്രമല്ല, അധികാരത്തിലിരുന്ന എല്ലാ ഗവണ്മെൻറുകളെയും അലട്ടികൊണ്ടിരുന്ന ഒരു പ്രശ്നമാണു് വനം കയ്യേറ്റപ്രശ്നം. അതിനു് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കുന്നതിനു് ഒരു ഗവണ്മെൻറിനെക്കൊണ്ടും സാധിച്ചിട്ടില്ല. കഴിഞ്ഞകാലങ്ങളിൽ ഇതൊരു കീറാമുട്ടി പ്രശ്നമായിത്തീർന്നിരുന്നു. ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം അതിനു് ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിനു് വ്യക്തമായി ധീരമായ ചില നടപടികളും എടുത്തു എന്നു ഞാൻ പറയുകയാണു്. ഒരു കമ്മിറ്റിയെവച്ചു് റിപ്പോർട്ടുവരുത്തി റിപ്പോർട്ടസ്വീകാര്യമായാലും ഇല്ലെങ്കിലുംശരി അതു് വച്ചുകൊണ്ടു് വ്യക്തമായ പരിപാടി ആവിഷ്കരിച്ചു എന്നുള്ളതുകൊണ്ടാണു് ഞാൻ ഈ ഗവണ്മെൻറിനെ അനുമോദിക്കുന്നതു്. വനം കൈയ്യേറ്റം യാതൊരു കാരണവശാലും അനുവദിക്കാൻപാടില്ല. അതേപ്പറ്റി ആർക്കുംഅഭിപ്രായവ്യത്യാസമില്ല. കഴിഞ്ഞ കൊല്ലങ്ങളിൽ വനം കൈയേറ്റം നടന്ന സാഹചര്യങ്ങളും എന്താണെന്നു് സമയക്കുറവുകൊണ്ടു് ഞാൻ പറയുന്നില്ല. എങ്കിലും ഇനിയും വനംകയ്യേറ്റം അനുവദിച്ചുകൂടെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. ഈ വനംകയ്യേറ്റത്തെ ഫലപ്രദമായി തടയേണ്ടതു് ഗവണ്മെൻറിൻെറ കടമയാണു്. ആ കടമ ഗവണ്മെൻറു് ശരിയ്ക്കും നിർവഹിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. സർ, ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണു്. കയ്യേറ്റത്തിനു് കൂട്ടുനിൽക്കുന്നതു് ഫോറസ്റ്റു് ഉദ്യോഗസ്ഥന്മാരാണെന്നുള്ളതു് പരമാർത്ഥമാണു്. ഫോറസ്റ്റു ഉദ്യോഗസ്ഥന്മാരുടെ അനുവാദമില്ലെങ്കിൽ ഒരിക്കലും വനംകയ്യേറ്റം നടക്കുകയില്ല. ഇനിയെങ്കിലും വനം കയ്യേറ്റം നടന്നാൽ അതിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ യാതൊരു കാരുണ്യവുംകൂടാതെ നിർദ്ദാക്ഷിണ്യമായി ശിക്ഷിക്കുകയാണെങ്കിൽ ഈ കയ്യേറ്റം ഫലപ്രദമായി തടയാൻ സാധിക്കുമെന്നാണു് എൻെറ വിശ്വാസം. ഇതിനു് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കേണ്ടതാണു്, ഇങ്ങനെ ഒരു നടപടി എടുക്കുകയാണെങ്കിൽ ഇതു് തടയാമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. മറ്റൊരു കാര്യം എനിക്കു പറയാനുള്ളതു് വനസംരക്ഷണത്തിൻെറ പേരിൽ ഭൂമി ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചാണു്. കീരിത്തോടു് മുതലായ സ്ഥലങ്ങളിൽ നിർഭാഗ്യകരമായ ചില സംഭവങ്ങളും ഉണ്ടായി. ഇനിയും അങ്ങനെയുള്ള സംഭവങ്ങളും വരാതിരിക്കുന്നതിനു് ഗവണ്മെൻറു് നടപടികളും നടത്തണമെന്നാണു് എനിക്കു് ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുവാനുള്ളതു്. വന സംരക്ഷണത്തിൻെറ പേരിൽ ഇങ്ങനെ കുടിയിറക്കുന്നതു് ഇനിയും തുടരണമോ എന്ന കാര്യം കാര്യമായി ആലോചിക്കണം. കാരണം ദീർഘകാലമായി വനം വെട്ടിത്തെളിച്ചു് സ്ഥിരഭവനങ്ങളുംചെയ്തു് കുടിപാർത്തുവരുന്ന ആളുകളെ മാറ്റി പകരം സ്ഥലം റിസേർവു് വനത്തിൽനിന്നും കൊടുക്കുകയാണു്. ഇങ്ങനെ കാമ്പൻസേഷൻ കൊടുത്തു് ഇറക്കിവിടുന്നതിനുള്ള ചെലവു്, പോലീസിൻെറ ചെലവു്, എല്ലാം കൂടി കണക്കാക്കുമ്പോൾ ഇതു് ഗവണ്മെൻറിനു് ലാഭകരമായപ്രവർത്തനമാണോ, ഇതു് തുടരണമോ എന്നുള്ളതു് കാര്യമായി ആലോചിക്കേണ്ടതാണു്. പ്രോജക്റ്റിനുവേണ്ടിയിട്ടോ മറ്റു് അത്യാവശ്യങ്ങൾക്കുവേണ്ടിയിട്ടോ ഇറക്കിവിടുന്നതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷേ ഇങ്ങനെ ഒഴിപ്പിക്കുന്നതു് അത്ര ശരിയായ നടപടിയല്ല എന്നു് എനിക്കഭിപ്രായമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മറെറാരു കാര്യം കീരിത്തോട്ടിൽനിന്നു് ഒഴിപ്പിച്ചു് മുക്കംപെട്ടി എന്ന സ്ഥലത്തു് പുനരധിവസിപ്പിച്ചിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം വളരെയേറെ ബുദ്ധിമുട്ടകരം നേരിടുന്നുണ്ടെന്നു കാര്യം ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണു്. പകരം ഭൂമി കൊടുത്ത 20 ഏക്രാക്കരം വെറും പാറക്കൂട്ടങ്ങളാണു്. അവർക്കു് നല്ല ഭൂമി കൊടുക്കുന്നതിനു് ഗവണ്മെൻറു് നടപടി എടുക്കണം. കൂടാതെ വെള്ളത്തിനു് ഇവിടെ ബുദ്ധിമുട്ടുണ്ടു്. ആ കാര്യത്തിൽ എന്തു പരിഹാരമാണു് ഉണ്ടാക്കേണ്ടതെന്നാലോചിച്ചു് വേണ്ടതു് ചെയ്യേണ്ടതാണു്. അതുപോലെതന്നെ അവർക്കു് മാറാനുകൂല്യങ്ങളും, ഗവണ്മെൻറിൽനിന്നും കൊടുക്കേണ്ട തുകകളൊന്നും കൊടുത്തിട്ടില്ലെന്നു് ആക്ഷേപം ഉണ്ടായിട്ടുണ്ടു്. അതെന്താണെന്നു പരിശോധിച്ചു് അതിനുവേണ്ട പരിഹാരം ഉണ്ടാക്കണം. ഇത്രയും കാര്യങ്ങളും പറഞ്ഞുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുകയാണു്.

Shri V. R. Krishna Iyer : Mr. Speaker Sir, I read in the papers this morning that the report had been submitted about the Member, Board of Revenue and in that report the Special Enquiry Tribunal had pointed out that there was some dereliction of duty on the part of the officer in connection with the lease for 99 years of 30,000 acres of forest lands to a particular organisation. I do not want to make any remarks on the report, because I have with me no further information than what I have read in the papers. But I would like to appeal to the hon. Minister and the Government to take the public into confidence on this matter, because the people are so much alarmed, about the dereliction of duty on the part of the particular officer.

Sir, I wish to bring to the notice of the House one or two things, which, I consider, very important. Preservation of forests is one of the major items in the programme of national reconstruction launched by this State Government. Let us make that clear. Preservation of forest is absolutely necessary and action must be taken against those persons who are responsible for its destruction. I should therefore appeal to the hon. Minister to take action against those who are primarily responsible for the leasing out of 30,000 acres of Govenment forest lands or Devaswom forest lands to a particular organisation, however favourite a child of this Government it be. I would like to have it made absolutely clear and plain, otherwise we cannot expect bonafides. Those who shout that forests must be preserved must take action against those who are beneficiaries of the 30,000 acres of forest area and cancel that lease. Legal measures should be taken against those persons who are responsible for this loss to Government. We must go forward in regard to the preservation of forest areas. Otherwise it will be mere bluffing. I hope the hon. Minister will have the goodness, kindness and generosity towards the people of this State. May I hope that. I am sure that the hon. Mininster for whom I have great respect and affection, will have the courage to take appropriate action at the appropriate time. I hope so.

Then another matter and I finish. The Madras Preservation of Private Forests Act, of which the hon. Minister has got some experience in its working, is working as a scandalous instrument for the promotion of corruption in the Kerala State. I can give details. This I am saying from personal experience. These things are perhaps not necessary or relevant here, but I want to sound an alert signal. I had occasion to deal with the forest rangers, forest officers and all that.

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

You may have to take it as a reality. In the Malabar area, the Madras Preservation of Private Forests Act is being used by the rangers and others for the purpose of augmenting their income in a manner in which even a Pay Revision Committee cannot do, or even think of. They are thus adding to their resources. Therefore my submission is that this M. P. P. F Act may be tightened up in the name of the people so that the forests do not become the happy hunting ground for corrupt officials, high and low.

Another thing I want to point out is this. Let us have a campaign formed through out the State for the purpose of preservation and regeneration of forests. But unfortunately we find today that here and there people are encroaching upon the forest area. Therefore, I appeal to the Government to organise a dynamic campaign for the preservation of forest lands. There should be a patriotic move, which will make a powerful impact upon the people. Let us preserve and regenerate the forests. That cannot be done in the Secetariat alone. There must be a powerful move from one end of the State to the other and it cannot be done in the Secretariat cells or in the party cells alone. So there must be a powerful and popular move from one end of the State to the other for the preservation and regeneration of forest lands, Government as well as private. The richest and the largest teak-wood forest of the world-the Nilambur forest-is in agony. For the last six or seven years, these forest areas are being encroached upon. If this is allowed, we will lose one of the richest forests India possesses. Teak wood is the only hope of Kerala. It is a pity that we have to import from Andamans the raw materials, like soft wood etc., for our Plywood industry. It is a shame on our part if we allow our rich forests to become deserts. We should not allow that. I appeal to the hon. Minister to direct his thoughts on these lines.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : സർ, ഞാൻ ഈ ഡിമാൻറിനെ പിൻതാങ്ങുകയാണു്. ഈ വകുപ്പിനെ സംബന്ധിച്ചു് പ്രധാനമായും ഇവിടെ കേട്ട ആരോപണങ്ങളും ഫോറസ്റ്റിൽനിന്നു കിട്ടുന്ന ആദായം കിട്ടേണ്ട ആദായത്തേക്കാളും കുറവാണെന്നും ശരിയായ ആദായമെടുക്കുന്നതിനു് ഗവണ്മെൻറു് പരാജയപ്പെട്ടിട്ടുണ്ടെന്നും ഫോറസ്റ്റുകാരും അന്യ ആളുകളും കയ്യേറി നശിപ്പിക്കുന്നു എന്നും മറ്റുമാണു്. എൻറെ സ്നേഹിതൻ ശ്രീ. കെ. ടി. തോമസ്സു് പൂണ്ടിക്കാണിച്ചതുപോലെ 1957-58-ൽഈ വകുപ്പിൽനിന്നു കിട്ടിയിരുന്ന ആദായത്തിൻറെ ഏതാണ്ടു് ഇരട്ടിയോളം ആദായം ഇന്നു് ഗവണ്മെൻറിനു കിട്ടുന്നുണ്ടെന്ന വസ്തുത ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മറക്കരുതെന്നു് ഞാൻ അവരോടു് അപേക്ഷിക്കുകയാണു്. 1957–58–നെക്കാളും കൂടുതലായി ഫോറസ്റ്റു് ഈ രാജ്യത്തില്ല എന്നുള്ളതു് ഒരു വസ്തുതയാണു്. ഫോറസ്റ്റു് കൂടുതൽ ഇല്ലാതിരിക്കുന്ന അവസരത്തിൽ 8 വർഷംമുമ്പു് ഫോറസ്റ്റിൽനിന്നു് കിട്ടിക്കൊണ്ടിരുന്ന ആദായത്തിൻറെ ഇരട്ടി ഇപ്പോൾ കിട്ടുന്നുണ്ടെങ്കിൽ ആദായം ശരിക്കു് എടുക്കുന്നതിനുള്ള ഔൽസുക്യം ഗവണ്മെൻറിൻറെ ഭാഗത്തുനിന്നു് ഉണ്ടാകുന്നുണ്ടെന്നുള്ളതു് സമ്മതിക്കാതെ തരമില്ല. 292 ലക്ഷം രൂപ 1957–58–ലേക്കു് വരുമാനം ഉണ്ടായിരുന്ന ഡിപ്പാർട്ടുമെൻറിലേക്കു് നടപ്പു വർഷത്തിൽ 480 ലക്ഷം രൂപ വരുമാനമുണ്ടായിയെന്നാണു് നാം കാണുന്നതു്. അടുത്ത വർഷത്തേക്കു് 5 കോടി രൂപ വരുമാനം പ്രതീക്ഷിക്കുകയാണു്. ഏതാണ്ടു് ഫോറസ്റ്റിനെ സംബന്ധിച്ചിടത്തോളം അതിൽനിന്നു മുമ്പു കിട്ടിയിരുന്നതിനെക്കാളും കൂടുതൽ ആദായം എടുക്കുന്നതിനുള്ള ഔൽസുക്യം ഈ ഗവണ്മെൻറു് കാണിക്കുന്നു എന്നുള്ളതു് ഒരു പരമാർത്ഥമാണു്.

LIBRARY ARCHIVES Kerala Legislative Assembly

പല വ്യവസായങ്ങൾക്കും അസംസ്കൃതസാധനങ്ങളും സംഭാവന ചെയ്യുന്നതു് നമ്മുടെ രാജ്യത്തുള്ള വനങ്ങളാണു്. അതുപോലെതന്നെ ഇവിടത്തെ ശീതോഷ്ണാവസ്ഥ ക്രമീകരിക്കുന്നതിനും വനങ്ങളും അത്യാവശ്യമാണെന്നു ഈ കാര്യത്തിൽ വിവരമുള്ള ആളുകളും അഭിപ്രായപ്പെട്ടിട്ടുണ്ടു്. മണ്ണൊലിപ്പു തടയുന്നതിനും വനങ്ങളും ആവശ്യമാണു്. അഖിലേൻഡ്യാടിസ്ഥാനത്തിൽ ആകെയുള്ള വിസ്തീർണ്ണത്തിന്റെ 15 ശതമാനം മാത്രമെ വനങ്ങളും ഉള്ളുവെങ്കിലും കേരളത്തിൽ ഏകദേശം 26 ശതമാനത്തോളം വനങ്ങളും സംരക്ഷിക്കപ്പെട്ടുനുണ്ടു്. ശ്രീ. രാമകൃഷ്ണൻ പറഞ്ഞ ഒന്നുരണ്ടു അഭിപ്രായങ്ങളെ അവയുടെ സ്പിരിട്ടിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും യഥാർത്ഥത്തിൽ എനിക്കു അവയോടു യോജിപ്പുണ്ടു്. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് വനസംരക്ഷണത്തിനുവേണ്ടി ഒന്നുംതന്നെ നീക്കിവച്ചിട്ടില്ലായിരുന്നു. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഒരുകോടി ഇരുപത്തിനാലുലക്ഷം രൂപ മാത്രമാണു് നീക്കിവച്ചിരുന്നതു്. ഈ മൂന്നാംപദ്ധതിയിൽ മൂന്നുകോടി മുപ്പത്തിയൊൻപതു ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടു്. ആ നീക്കിവച്ചിട്ടുള്ള പണം ശരിയായ രീതിയിൽ ചെലവാക്കുന്നില്ലെന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ടു്. ടീക്കുഡു് പ്ലാന്റേഷനു് നാലുത്തിയൊന്നുലക്ഷം രൂപ നീക്കിവച്ചതിൽ 21 ലക്ഷം രൂപയാണു് ചെലവായിട്ടുള്ളതു്. സാഫ്റ്റുവുഡു് പ്ലാന്റേഷനു് 17 ലക്ഷം രൂപ നീക്കിവച്ചതിൽ 5 ലക്ഷമാണു ചെലവായിട്ടുള്ളതു്. യൂക്കാലിപ്റ്റസ് പ്ലാന്റേഷനു് 50 ലക്ഷംരൂപ നീക്കിവച്ചതിൽ 25 ലക്ഷമാണു ചെലവാക്കിയിട്ടുള്ളതു്. ഫാറസ്റ്റു് സർവ്വേയ്ക്കും ഡമോൺസ്ട്രേഷനുമായി 21 ലക്ഷം രൂപ നീക്കിവച്ചതിൽ 5 ലക്ഷമേ ചെലവാക്കിയിട്ടുള്ളു. ഫാറസ്റ്റു് പ്രൊട്ടക്ഷനു 9 ലക്ഷം രൂപ നീക്കിവച്ചതിൽ നാലുലക്ഷമാണു് ചെലവാക്കിയിട്ടുള്ളതു്. ഫാറസ്റ്റു് റിസർച്ചു് ആൻഡു് മ്യൂസിയം എന്ന ഇനത്തിൽ 4 ലക്ഷം രൂപ നീക്കിവച്ചതിൽ 48,000 രൂപ മാത്രമെ ചെലവായിട്ടുള്ളു. ഇങ്ങനെ നോക്കിയാൽ ആകെത്തം 3 കോടി 39 ലക്ഷം രൂപ നീക്കിവച്ചതിൽ ഏതാണ്ടു് പകുതിയോളം മാത്രമെ ചെലവാക്കാൻ സാധിച്ചിട്ടുള്ള എന്നുള്ളതു് നമ്മെ സംബന്ധിച്ചിടത്തോളം ചിന്തിക്കേണ്ട വസ്തുതയാണു്. ഈ വകുപ്പിന്റെ കാര്യത്തിൽ ഗവണ്മെന്റു കൂടുതൽ ഔൽസുക്യം കാണിക്കുന്നുണ്ടെന്നുള്ള കാര്യം അംഗീകരിച്ചുകൊണ്ടുതന്നെയാണു് ഞാനിതു പറയുന്നതു്. ബലമായി കയ്യേറം നടത്തിയ ഫാറസ്റ്റു ഭൂമിയേയും കൂടുതൽ ആദായകരമാക്കുന്നതിനു് പ്ലാന്റേഷനും മറ്റും നടത്തുന്നതിനു് ഗവണ്മെന്റു് അംഗീകാരത്തോടുകൂടി പ്രൈവറ്റു ഫാറസ്റ്റുകളിൽ പ്രവേശിച്ചിട്ടുള്ള ഭൂമിയേയും ഒരുപോലെ കാണുന്നതു് ശരിയല്ല. ഭൂമിയിൽ കയ്യേറുന്നതു് ട്രസ്പാസ്സാണു്. മറ്റതു് കൂടുതൽ ഉല്പാദനത്തിനുവേണ്ടി കൃഷി നടത്തുകയാണു്. ട്രസ്പാസ്ചെയ്ത ആളുകളെ ഇറക്കിവിടുന്നതിനെ ശ്രീ. രാമകൃഷ്ണൻ എതിർക്കുന്നതായി കേട്ടു. 1958–ൽ ശ്രീ. കെ. സി. ജോർജ്ജു് മന്ത്രിയായിരുന്നപ്പോഴും പത്തഞ്ഞൂറു് ആളുകളും സംഘടിച്ചു വനത്തിൽ കയ്യേറിയതുകൊണ്ടു് അവരെ ഇറക്കിവിടാൻ ഗവണ്മെന്റിനു കഴിവില്ലെന്നു പറയുകയുണ്ടായി. അങ്ങനെ നടപ്പില്ലാതെ, ഉത്തരവാദിത്വമില്ലാതെ ഉത്തരം പറയുന്നതിനു് ഇന്നത്തെ മന്ത്രിമാർ തയ്യാറാകുന്നില്ലെങ്കിൽ ആ മന്ത്രിമാരെ അനുമോദിക്കേണ്ടതാണു്. അന്യായമായി കയ്യേറിയ ഭൂമി ഗവണ്മെന്റിനാവശ്യമുണ്ടെങ്കിൽ അവിടെനിന്നും കയ്യേറിയവരെ ഇറക്കിവിടുന്ന ഗവണ്മെന്റിനെ അനുമോദിച്ചേ മതിയാകൂ. അഞ്ഞൂറോ അല്ലെങ്കിൽ അയ്യായിരമോ ആളുകളുടെ ആക്രമണത്തെ ഭയപ്പെടുന്ന ഒരു ഗവണ്മെന്റല്ലാ ഈ ഗവണ്മെന്റു് എന്ന നിലയിൽ ഈ ഡിമാൻഡിനെ പിൻതാങ്ങിക്കൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻ : വന നശീകരണത്തെ എതിർക്കുന്നതു് ഇന്നൊരു ഫാഷനായിതീർന്നിട്ടുണ്ടു്. അതിനെ എതിർക്കുന്ന ആളുകളുംതന്നെ വനത്തിൽ കൃഷിചെയ്യ കാവൽപുര വച്ചിട്ടു് ഞങ്ങൾക്കു് ആ സ്ഥലം ചാർത്തിതരണമെന്നു് ഗവണ്മെന്റിനോടാവശ്യപ്പെടുകയും ചാർത്തി വാങ്ങിക്കുകയും ചെയ്യുന്നുവെന്നുള്ളതു് ഒരു യാഥാർത്ഥ്യമാണു്. തിരുവിതാംകൂർ ഭാഗത്തെയും മലബാർ ഭാഗത്തെയും വന നശീകരണത്തിനു് പ്രധാന കാരണം ഗവണ്മെന്റിന്റെയും, രേണകക്ഷിയുടെയും നയമാണു്. മലബാർ ഭാഗത്തു് പ്രൈവറ്റു വനങ്ങളും നശിപ്പിക്കുന്നതു് ലീസിന്റെ പേരിലാണു്, അവിടെയുണ്ടായിരുന്ന അഞ്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണൻ]

ലക്ഷത്തോളം ഏക്കർ സ്വകാര്യവനത്തിൽ ഇന്നു അരലക്ഷമെങ്കിലും ബാക്കിയുണ്ടെങ്കിൽ അതൊരു ഭാഗ്യമാണു്. അതുയും നശിച്ചുകഴിഞ്ഞിരിക്കുകയാണു്. 54,000 എന്നെല്ലാം ഇവിടെ ചില കണക്കുകൾ പറഞ്ഞതു് ദേവസ്വത്തിന്റെ ഒരു ഭാഗമാണു്. അതു മുഴുവനായില്ല. അങ്ങനെ ലീസു് വാങ്ങി നശിപ്പിക്കുന്നുണ്ടു്. ഈ ഭാഗത്തു് കാൺഗ്രസ്സു് പാർട്ടിയിൽപ്പെട്ടവർ ഗവണ്മെന്റു വനഭൂമിയിൽ കയ്യേറിക്കൊള്ളാൻ പറഞ്ഞിട്ടു്, പിന്നെ അവരെ അടിച്ചിറക്കേണ്ട അവസരവും വന്നിട്ടുണ്ടു്. അങ്ങനെ വന നശീകരണം ഒരു നാണയത്തിന്റെ രണ്ടു വശമെന്ന നിലയിൽ സംഘടിതമായി നടന്നുകൊണ്ടിരിക്കുകയാണു്. ഇതിനിടയിലാണു പറയുന്നതു് വനങ്ങളെ രക്ഷിക്കണമെന്നു്. ഈ രക്ഷിക്കൽ ഉണ്ടാകുകയില്ലെന്നുള്ളതു് പലരെ ഉറപ്പാണു്. മാനേജ്മെന്റു അസംഷ്നവേണ്ടി കാഞ്ഞിരപ്പുഴ ക്യാച്ചുമെന്റു ഏരിയായിൽനിന്നും തടി മുറിക്കാൻ പാടില്ലെന്നു ആർഡർ ഉണ്ടായിരുന്നു. എന്നിട്ടു് ക്ലീയർ ഫെല്ലിംഗിനു് ആർഡർ കൊടുത്തിരിക്കുകയാണു്. 100 ഏക്കറിനു് പെർമിറ്റു വാങ്ങിച്ചു അറുന്നൂറു, എഴുന്നൂറു ഏക്കർ ക്ലീയർചെയ്തു കഴിഞ്ഞിരിക്കുന്നു. അങ്ങനെ ഒരു ഭാഗത്തു് വനം സംരക്ഷിക്കുന്നതിനു മാനേജ്മെന്റു ഏറ്റെടുക്കാൻ ശ്രമിക്കുക, മറ്റൊരു ഭാഗത്തു് ക്ലീയർചെയ്യുക എന്ന നിലയാണു സ്വീകരിച്ചിട്ടുള്ളതു്. എം. പി. പി. എഫു്. ആക്ടനുസരിച്ചു റീ പ്ലാന്റേഷൻ നടത്തണമെന്നു നിർബന്ധമുണ്ടു്. ഇപ്പോഴും എന്താണു നടത്തുന്നതു്, പള്ളികളും സ്കൂളുകളും മറ്റുമാണു് പ്ലാന്റു ചെയ്യുന്നതു്. ഇനി ഒരു നിയമം ഉണ്ടാക്കി കേന്ദ്രഗവണ്മെന്റു അംഗീകരിച്ചു വരുമ്പോഴേക്കും അവിടെ എടുക്കാൻ മണ്ണു മാത്രമെ ഉണ്ടാകുകയുള്ളു. അടുത്ത അവസരത്തിൽ പറമ്പിക്കുളത്തു് ഒരു തീപ്പിടിത്തം ഉണ്ടായി. വയനാട്ടിലും, അട്ടപ്പാടിയിലും മുൻപുണ്ടായിട്ടുണ്ടു്. പറമ്പിക്കുളത്തെ തീപിടിത്തത്തെ സംബന്ധിച്ചു വളരെ ഉത്തരവാദിത്വത്തോടുകൂടി നടത്തുന്ന മാതൃഭൂമി പത്രം എഴുതിയിരിക്കുകയാണു് 3,500 ഏക്കറോളമുള്ള കുപ്പുകളിൽനിന്നു എത്രയോ അധികം ഈട്ടിമരങ്ങൾ മുറിച്ചെടുത്തിട്ടു തീവെച്ചുവെന്നു്. കഴിഞ്ഞകൊല്ലത്തിൽ ഇതേ ഡിമാൻഡിൽ പങ്കെടുത്തുകൊണ്ടു് ഞാൻ സംസാരിച്ചപ്പോഴും ഈ ഏരിയായിൽനിന്നു എത്രയോ അധികം മരങ്ങൾ അനധികൃതമായി മുറിച്ചുകൊണ്ടുപോയി എന്നു പറയുകയുണ്ടായി. അതു സംബന്ധിച്ചു അന്വേഷിച്ചു ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥനായ കെ. ഈ. കേശവൻ റിപ്പോർട്ടുകൊടുത്തു. അദ്ദേഹത്തെ അതോടെ സസ്പെൻഡുചെയ്തു. ഇപ്പോഴും പുനഃസ്ഥാപിച്ചു. അങ്ങനെ ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടി തടി വെട്ടിക്കൊണ്ടുപോയി വിൽക്കുന്നതിനാണു് പൊള്ളാച്ചി തടി ഡിപ്പോതന്നെ നടത്തുന്നതു്. അട്ടപ്പാടിയിലെ കൂറെസ്ഥലം തമിഴ്നാട്ടുകാർ കൊണ്ടുപോയി അവിടെ ഒരു വേലിയുംവച്ചു. ഈ ഡിപ്പാർട്ടുമെന്റു ഭരിക്കുന്ന മന്ത്രിയും കക്ഷിയും വനനശീകരണത്തിനുള്ള പരിപാടികളും അങ്ങേയറ്റം നടത്തുമ്പോഴും വനം ഇവിടെ സംരക്ഷിക്കപ്പെടുകയില്ല. കുറെക്കാലമായി വന നശീകരണംമൂലമുള്ള ആപത്തുകളും ഈ രാജ്യത്തു ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. 1961—ൽ വമ്പിച്ച ഉരുൾ പൊട്ടൽ ഉണ്ടായി. 1962—ൽ തുപ്പനാടു് പാലം പോയി. 1963—ൽ കാഞ്ഞിരപ്പുഴം പാലംപോയി. ഉരുൾ പൊട്ടലിന്റെ ഫലമായിട്ടാണു് ഇങ്ങനെയെല്ലാംസംഭവിക്കുന്നതു്. സ്വന്തം പാർട്ടിക്കാർക്കു് യാതൊരു തത്വദീക്ഷയുമില്ലാതെ പാർത്തികൊടുക്കുന്നു. മലമ്പുഴയിൽ തല്പരകക്ഷികളുടെ ദേവസ്വംവക സ്ഥലത്തെ മരങ്ങൾ മുറിക്കാൻ പാടില്ലെന്നു മദ്രാസു് ഗവണ്മെന്റു ആർഡർ കൊടുത്തിരുന്നു. എന്നാൽ പിന്നീടു മരം മുറിക്കുന്നതിനു അനുവദിച്ചു. അതിനെ സംബന്ധിച്ചു് റിട്ടു് പെറ്റിഷൻ പോയിട്ടുണ്ടു്, അങ്ങനെ ഈ ഗവണ്മെന്റു വനംകൊള്ളക്കാരെ സഹായിക്കാനും വനനശീകരണത്തിനുമുള്ള പരിപാടികളും ആസൂത്രണംചെയ്തു നടത്തുകയാണെന്നുള്ളതുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തിയായി എതിർക്കുന്നു.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള : ഞാൻ ഈ ഡിമാൻഡിനെ അനുകൂലിക്കുന്നു. ശ്രീ. കെ. ടി. തോമസും, മാലേത്തുഗോപിനാഥപിള്ളയും ഈ വകുപ്പിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളെപ്പറ്റി പറഞ്ഞതിനോടു് ഞാനും യോജിക്കുന്നു. അതെ അവസരത്തിൽ വനത്തെപ്പറ്റി മനസ്സിൽ കാണുന്ന അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു് എനിക്കപേക്ഷയുണ്ടു്. വനം ഈ രാജ്യത്തു താമസിക്കുന്ന ജനങ്ങളുടെ ജീവിതസൗകര്യങ്ങൾക്കു് ഉതകുന്നതും ജനങ്ങളിൽ കരം ചുമത്താതെതന്നെ ആദായം ലഭിക്കുന്നതുമാണു്. ഒരൊറ്റ പൈസപോലും കരം ചുമത്താതെ രാജ്യത്തേക്കു് ആദായം കിട്ടുന്നതു് വനത്തിൽനിന്നാണു്. വനസമ്പത്തു് ഒരു രാജ്യത്തുണ്ടെങ്കിൽ ആ രാജ്യത്തു് നിവസിക്കുന്ന ആളുകളുടെ ആഹാരം, ഭവനം, ആരോഗ്യം മുതലായ എല്ലാ മാനുഷിക ആവശ്യങ്ങളും നടക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിനെ പ്പറ്റി വിസ്തരിച്ചു പറയാൻ സമയമില്ലാത്തതുകൊണ്ടു് ആ കാര്യത്തിലേക്കു് പ്രവേശിക്കുന്നില്ല. നമ്മുടെ വനങ്ങളിൽ വളരെയധികം വിലപ്പെട്ട തടികിട്ടുന്ന 39 ജാതി വൃക്ഷങ്ങളുണ്ടു്. അതുപോലെതന്നെ നൂറുക്കണക്കിനു് മൈനർ പ്രാഡ്യൂസ് എന്നു പറയുന്ന സാധനങ്ങളും ഉണ്ടു്. അതായതു്, തേൻ, അരക്കു്, കടുക്കാ, നെല്ലിക്കാ, താന്നിക്കാ, മഞ്ഞൾ തുടങ്ങിയ വളരെയധികം സാധനങ്ങൾ വനത്തിൽനിന്നും ലഭിക്കും. ഇന്നു് രാജ്യത്തിന്റെ ഏതു ഭാഗത്തു നോക്കിയാലും ആയുർവ്വേദാശുപത്രികളും, ഡിസ്പെൻസറികളും, മറ്റു വൈദ്യശാലകളുമെല്ലാം ധാരാളമായി കാണാം. ഇതിനെല്ലാം ആവശ്യമായ മരുന്നുകൾ കിട്ടുന്നതു വനത്തിൽനിന്നുമാണു്. ഈ വനമെല്ലാം വെട്ടിനശിപ്പിച്ചാൽ മരുന്നുകളൊന്നും കിട്ടാതാകുമെന്നുള്ളതിനു സംശയമൊന്നുമില്ല. വനത്തിൽ പ്രവേശിച്ചു ആളുകളെ ഒഴിപ്പിക്കുന്നതു കഷ്ടമാണെന്നു എനിക്കറിയാം. അതു് ഞാൻ സമ്മതിക്കുന്നു. അതൊരു മാനുഷിക പ്രശ്നമാണു്. ഈ മാനുഷിക പ്രശ്നം വനത്തിനു വെളിയിൽ താമസിക്കുന്ന ആളുകളെയും നല്ലപോലെ ബാധിക്കുമെന്നു നാം മനസിലാക്കണം. പതിനഞ്ചുലക്ഷത്തോളം ആളുകൾ വനത്തിലുണ്ടെന്നു വടക്കനച്ചൻ പറയുന്നു. ഇത്രയും ആളുകൾ വനത്തിൽ പ്രവേശിച്ചു കൃഷിചെയ്താൽ നമ്മുടെ രാജ്യത്തു് വനത്തിനു വെളിയിൽ നാട്ടിൻപുറങ്ങളിൽ താമസിക്കുന്ന ഒന്നരക്കോടിയിലധികം ജനങ്ങൾ നശിച്ചു നാമാവശേഷമാകും. മണ്ണൊലിപ്പുമൂലം നാട്ടിലുള്ള നദികൾ മണ്ണുനിറഞ്ഞു, വെള്ളപ്പൊക്കം ഉണ്ടാകുന്നു. അതുമൂലം കൃഷിക്കും മനുഷ്യർക്കും നാശം ഉണ്ടാകുന്നുണ്ടു്. അതുപോലെതന്നെ വന നശീകരണം കാരണം മലയിലുള്ള നദികൾ ഉണങ്ങി വരൾച്ചയും ഉണ്ടാകുന്നുണ്ടു്. അങ്ങനെ വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും കാരണം വന നശീകരണമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അങ്ങനെയുള്ള വന നശീകരണം ഉടനടി തടയേണ്ടതാണു്. അല്ലെങ്കിൽ നാട്ടിൻപുറത്തു താമസിക്കുന്ന ജനങ്ങളുടെ ജീവിതം നരകതുല്യമായിതീരും. മലയിൽ പോയിട്ടുള്ള ആളുകൾ മണ്ണൊലിപ്പുകൊണ്ടു് മണ്ണു അവിടെ ഇല്ലാതെ വരുമ്പോൾ തിരികെ നാട്ടിൽവരും. അങ്ങനെ തിരിയെ വന്നാൽ അവിടെയും ഇവിടെയും രക്ഷയില്ലാതാകും. ഒരു കാര്യം ചുരുക്കമായി പറയാം. 26 ലക്ഷത്തിൽ ചിലപ്പോൾ ഏക്കർ വനമുണ്ടായിരുന്നതു് ഗവണ്മെൻറിന്റെ കണക്കിൻപ്രകാരം പ്രവേശിച്ചതു ഉടനടി ഇന്നു 12 ലക്ഷം ഏക്കറേയുള്ളൂ. ആ 12 ലക്ഷം ഏക്കർ സ്ഥലത്തു് പരിപൂർണ്ണമായി മേലാൽ ഒരൊറ്റ ആളും കയറാതെ സൂക്ഷിച്ചില്ലെങ്കിൽ അപകടമാണു്. അതുപോലെതന്നെ ഫാറസ്റ്റിലുള്ള എവർഗ്രീൻ സ്ഥലങ്ങളും സൂക്ഷിക്കേണ്ടതാണു്. കയ്യേറിയിട്ടുള്ള സ്ഥലങ്ങളിൽനിന്നും പ്രോജക്റ്റിന്റെ ആവശ്യങ്ങൾക്കു് ആളുകളെ ഒഴിപ്പിക്കണം. തിരുവനന്തപുരത്തു് ഇപ്പോൾ ജലക്ഷാമം വന്നതു് അരുവിക്കര അണയുടെ നാലുവശത്തും വെട്ടിത്തെളിച്ചു മരിച്ചീനി കൃഷിചെയ്തതുകൊണ്ടാണു്. ഇവിടെ നല്ലവെള്ളം ധാരാളമായി കിട്ടിക്കൊണ്ടിരുന്നു. ഇങ്ങനെയുള്ള സ്ഥലങ്ങളിലെല്ലാം പ്രവേശിച്ചിട്ടുള്ളവരെ അവിടെനിന്നും ഇറക്കേണ്ടതാണു്. അവർക്കു് നാട്ടിൻപുറത്തു എവിടെയെങ്കിലും സ്ഥലം അകപ്പയർ ചെയ്തുകൊടുത്താലും തരക്കേടില്ല. ഇക്കാര്യം ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്റെ സ്നേഹിതൻ ശ്രീമാൻ കെ. ടി. തോമസ്സു് പറഞ്ഞു, ഇവിടെ ഈ വനനശീകരണത്തിനും വനം കയ്യേറ്റത്തിനും കൂട്ടുനിൽക്കുന്നതു ഫാറസ്റ്റു ഡിപ്പാർട്ടുമെൻറുകാരാണു് എന്നു്. ഈയിടെ കോതമംഗലം ബിഷപ്പിന്റെ പ്രൈവറ്റു് സ്റ്റിക്രട്ടറി അച്ചടിച്ചു പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു പ്രസ്താവനയുടെ തുടക്കത്തിൽത്തന്നെ പറയുന്നതു, ഈ വനത്തിൽ കയറിയിട്ടുള്ളതും, അവിടെ കൃഷിചെയ്തുകൊണ്ടിരിക്കുന്നതുമൊക്കെ ഗവണ്മെൻറോ, മന്ത്രിയോ, ചീഫ് കൺസർവേറ്റർ ആഫ് ഫാറസ്റ്റോ, അറിഞ്ഞുകൊണ്ടല്ല പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. എസ്. കൃഷ്ണപിള്ള]

ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ D. F. O. മുതൽ ഇങ്ങേയറ്റംവരെയുള്ള ഉദ്യോഗസ്ഥന്മാരുടെ അറിവോടും അനുവാദത്തോടും കൂടിയാണ് എന്നും മറും. അങ്ങനെയാണെങ്കിൽ ഈ ഉദ്യോഗസ്ഥന്മാരുടെ പേരിൽ അന്വേഷണം നടത്തി അവരെ ശിക്ഷിക്കേണ്ടതാണ്.

ഈ വനം നശിപ്പിക്കുന്നതിനോ, ഇല്ലാതാക്കുന്നതിനോ ശ്രമിക്കുന്നതിനെ ഇല്ലാതാക്കുന്നതിനുള്ള കർശ്ശനമായ നടപടികളും ഇന്നുതന്നെ എടുത്തില്ലെങ്കിൽ ഇനിയും പ്രവേശനം നടക്കും. ഞാനിപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽത്തന്നെ വനത്തിൽ പ്രവേശിക്കുകയായിരിക്കും, ദേവികുളം. ഉടുമ്പൻചോല, പീരുമേട് ഈ താലൂക്കുകളിൽ മൊത്തം 1260 ചതുരശ്രമൈൽ ഫാറസ്റ്റ് ഏരിയാ ആണ് ഉള്ളത്. അതിൽനിശ്ചയമായും ആയിരം ചതുരശ്രമൈലെങ്കിലും ഇപ്പോൾ പ്രവേശിച്ചിരിക്കണം. ഞാൻ ആറുമാസംമുമ്പ് ആ സ്ഥലത്തുപോയിരുന്ന അവസരത്തിൽ ആ സ്ഥലത്തു മുഴുവൻ ആംതാമസമാണ്. അതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ വന സമ്പത്ത് ഈ രാജ്യത്തിന്റേതാണ്, ഈ രാജ്യത്തിന്റെ സമ്പത്ത് ജനസമൂഹത്തിന്റേതാണ്, അതുകൊണ്ട് ഈ വനങ്ങളെ സംരക്ഷിക്കുന്നതിനും, വനത്തിൽ പ്രവേശിച്ചിട്ടുള്ളവരെ ഇറക്കിവിടുന്നതിനും ഈ രാജ്യത്തെ ജനങ്ങളും ജനപ്രതിനിധികളും ഗവണ്മെന്റിനെ സഹായിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടും ഈ ഡിമാൻഡിനെ ഒരിക്കൽകൂടി ഞാൻ പിൻതാങ്ങുന്നു.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ): സർ, നമ്മുടെ സംസ്ഥാനത്തെ വനസമ്പത്തു സംരക്ഷിക്കുന്നതിനു സഹായകരമായ പല നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ ഉന്നയിക്കുകയുണ്ടായി. ആ സ്വാഗതാർഹങ്ങളായ നിർദ്ദേശങ്ങളെല്ലാംതന്നെ അംഗീകരിക്കുന്നതിനും നടപ്പാക്കാൻ സാധിക്കുന്നവ എല്ലാംതന്നെ നടപ്പാക്കാനും ഗവണ്മെന്റ് പരമാവധി പരിശ്രമിക്കുന്നതുമാണ്. ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും ഇവിടെ പ്രസ്താവിച്ചതുപോലെ കേരളത്തിലെ സാമ്പത്തികസ്ഥിതിയെപ്പറ്റി പരിഗണിക്കുമ്പോൾ നമ്മുടെ വരവിനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വനസമ്പത്തു എന്നുള്ളതിൽ സംശയമില്ല. വമ്പിച്ച വ്യവസായ സംരംഭങ്ങൾക്കാവശ്യമുള്ള പല വിഭവങ്ങളും നമ്മുടെ സ്വന്തമായിട്ടില്ല എന്നാൽ അതിന്റെ ആ അഭാവം കുറെയെങ്കിലും പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് നമ്മുടെ ഈ വനസമ്പത്തു. അതിനെ ആശ്രയിച്ചുകൊണ്ടുതന്നെ നമുക്കു പല വ്യവസായങ്ങളും ഇവിടെ ആരംഭിക്കാൻ സാധിക്കുന്നതാണ്. ആ ലക്ഷ്യം മുമ്പിൽ വച്ചുകൊണ്ടാണ് ഈ പദ്ധതിയിൽ പുതിയ വനങ്ങൾ വച്ചുപിടിപ്പിക്കാനും മറും ശ്രമിച്ചിട്ടുള്ളത്.

സർ, നമ്മുടെ വനസംരക്ഷണത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കാര്യക്ഷമമായിട്ടുള്ള കർമ്മപരിപാടികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വനസംരക്ഷണത്തെ സംബന്ധിച്ചിടത്തോളം രണ്ടു വശങ്ങളുണ്ട്. ഒന്നു്, ഇന്നുള്ള വനങ്ങളും മുഴുവൻ സംരക്ഷിക്കാൻ സാധിക്കുകയും കൂടുതൽ എക്കണോമിക് റ്റ്രാൻസ്പോർട്ടേഷൻ വച്ചുപിടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നുള്ളതാണ്. നമ്മുടെ വനങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ കണക്കു, നമ്മുടെ സംസ്ഥാനത്തു ഏതാണ്ട് 27 ശതമാനം വനമുണ്ടെന്നാണ്. ഇപ്പോഴത്തെ കണക്കുവച്ചുകൊണ്ടു നോക്കിയാൽ അതു മുഴുവൻ ശരിയാണെന്നു വിചാരിക്കുന്നില്ല. അതിനുശേഷം കുറെ അധികം കയ്യേറ്റങ്ങളും ഉണ്ടായിട്ടുണ്ട്. പിന്നെ റബ്ബർ പ്ലാന്റേഷനുവേണ്ടി കുറെ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. അതുകൂടാതെ നമ്മുടെ പ്രോജക്റ്റു ഏരിയാസ്സിനുവേണ്ടി കുറെ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. ഇങ്ങനെ കയ്യേറിയിട്ടുള്ളതും വിട്ടുകൊടുത്തിട്ടുള്ളതും ആയ സ്ഥലങ്ങൾ ഒഴിച്ചുനോക്കിയാൽ ഈ സാമാന്യമായി ഇരുപത്തിഒന്നോ ഇരുപത്തിരണ്ടോ ശതമാനത്തിൽ കൂടുതൽ ഉണ്ടെന്നു പറയാൻ നിവൃത്തിയില്ല ഇവിടത്തെ പൊർക്യുപ്പിറേറാ എക്സ്റേയും വച്ചുനോക്കിയാൽ മറു സംസ്ഥാനത്തേക്കാളും കുറവാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഇൻഡ്യയിൽ മറു സംസ്ഥാനങ്ങളിൽ 17·2 ശതമാനം മാത്രമേ വനമായിട്ടുള്ളു എന്നറിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഞാൻ ഇപ്പർക്യാപ്പിറ്റാ എക്സ്റ്റൻറിന്റെ കാര്യമാണു പറഞ്ഞതു്. നമുക്കു കൂടുതൽ വനമുണ്ടെന്നു സമ്മതിച്ചാൽ ആകെ ഇൻഡ്യാ പെർക്യാപ്പിറ്റാ എക്സ്റ്റൻറു 30 ശതമാനം വരുമ്പോൾ നമ്മുടെ സംസ്ഥാനത്തിനു പെർക്യാപ്പിറ്റാ എക്സ്റ്റൻറു 18 ശതമാനം മാത്രമേയുള്ള. അതുകൊണ്ടു് ഇനി ഒട്ടുംതന്നെ പ്രോജക്റ്റു് ഏരിയാസ്സുവേണ്ടി മാത്രം വിട്ടുകൊടുക്കുന്നതൊഴിച്ചാൽ മറ്റൊന്നിനും വിട്ടുകൊടുക്കാൻ സാധിക്കുകയില്ലാ എന്നുള്ള ഒരു ഘട്ടത്തിൽ എത്തിയിരിക്കുകയാണു്. ആ ഒരു അടിസ്ഥാനം വച്ചുകൊണ്ടു ഗവണ്മെൻറിന്റെ പരിപാടികളും രൂപീകരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീമാൻ മാലേത്തു ഗോപിനാഥപിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി, ഈ ബഡ്ജറ്റിൽ ഓരോ ഇനങ്ങളിലായി ഉൾക്കൊള്ളിച്ചിരുന്ന സംഖ്യ മുഴുവനും ചെലവഴിച്ചില്ലാ എന്നു്. പക്ഷേ പല ഐറ്റത്തിലും ഫിസിക്കൽ ടാർജറ്റു് അച്ചീവു് ചെയ്തിട്ടുണ്ടു്. എന്നാൽ ഫൈനാൻഷ്യൽ ടാർജറ്റു് റീച്ചു ചെയ്തിട്ടില്ല. ഉദാഹരണമായി ചില സംഗതികളും ഞാൻ ചൂണ്ടിക്കാണിക്കാം. 1963-64-ൽ ടീക്ക പ്ലാൻറേഷനു മൊത്തം ഏഴായിരം ഏക്കറായിരുന്നു നിശ്ചയിച്ചിരുന്നതു്. അതിൽ 6259·86 ഏക്കർ പ്ലാൻറു ചെയ്തിട്ടുണ്ടു്. അതിൽ അല്പം കുറവു വന്നിട്ടുണ്ടു്, അതിനുള്ള അലാട്ടുമെൻറു 8·74 ലക്ഷം രൂപയായിരുന്നു. അതിൽ 6.77 ലക്ഷം മാത്രമാണു് ചെലവായതു്. അതുപോലെ സാഫ്റ്റുവുഡ്ഡ്പ്ലാൻറേഷനു 3020 ഏക്കറായിരുന്നു, പക്ഷെ പ്ലാൻറുചെയ്തതു 3068 ഏക്കറാണു്. അതിന്റെ എക്കണാമിക്കു് ടാർജറ്റു 3·30 ആയിരുന്നു. അതിൽ 1·57 ചെലവഴിച്ചു. അതുപോലെ യൂക്കാലിപ്റ്റിറസ്സു് പ്ലാൻറേഷനു 3600 ഏക്കർ എന്നു വച്ചിരുന്നതു 3600 ഏക്കറിൽത്തന്നെ പ്ലാൻറുചെയ്തു. അതിന്റെ ഫൈനാൻഷ്യൽ ടാർജറ്റു 11·33 ആയിരുന്നു, അതിൽ 7·86 ചെലവുചെയ്തു. അതുപോലെതന്നെ ഫ്യുവൽ പ്ലാൻറേഷൻ ഫൈനാൻഷ്യൽ ടാർജറ്റു 1·87 ആയിരുന്നു. അതു 1·87 റീച്ചുചെയ്തു. അപ്പോൾ ഈ ഫിസിക്കൽ ടാർജറ്റു മുഴുവനും അച്ചീവു് ചെയ്തിട്ടുണ്ടു് എന്നു കാണാം. എന്നാൽ ഫൈനാഷ്യൽ ടാർജറ്റു അച്ചീവു് ചെയ്തിട്ടില്ല. അതിനു പ്രായോഗികമായിട്ടു ചില ബുദ്ധിമുട്ടുകളുണ്ടു്. കുറെ എല്ലാം ഫിസിക്കൽ ടാർജറ്റു കുണക്കാക്കിക്കൊണ്ടാണു് നമ്മുടെ ഈ പ്ലാൻ തയ്യാറാക്കുന്നതു്, അടുത്തവർഷം പ്ലാൻറേഷൻ നടത്തുന്നതിനു ഈ വർഷം ആ സ്ഥലങ്ങളും ക്ലീയർ ചെയ്യണം. ഇന്നു് ഈ ജംഗിളും വുഡ്ഡായിട്ടു കിടക്കുന്ന ഫാറസ്റ്റു ക്ലീയർ ചെയ്യണമെങ്കിൽ അതിനു കുറെ സമയം വേണ്ടിവരും. അപ്പോൾ പെട്ടെന്നു പണംമുടക്കി നമുക്കു പ്ലാൻറുചെയ്യാൻ തുടങ്ങാൻ സാധിക്കുകയില്ല. രണ്ടാമതു ഒന്നിച്ചു ഈ തടികളും എല്ലാം ശേഖരിച്ചു വിൽക്കുകയാണെന്നുണ്ടെങ്കിൽ അതിനു ശരിയായിട്ടു വിലകിട്ടുകയില്ല. ഇങ്ങനെയുള്ള വിഷമങ്ങളും ഉള്ളതുകൊണ്ടാണു് നാം ഉദ്ദേശിച്ച തരത്തിൽ ഫൈനാഷ്യൽ ടാർജറ്റു എത്താൻ കഴിയാതെ പോയിട്ടുള്ളതു്. എതായാലും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നല്ല ഒരു ലക്ഷണമാണു് ഇപ്പോൾ വളരെ കൂടുതൽ പ്ലാൻറുചെയ്തുകൊണ്ടിരിക്കുകയാണു് എന്നുള്ള സംഗതി. നമ്മുടെ മൂന്നാം പദ്ധതിയുടെ അവസാനത്തോടുകൂടി നമ്മുടെ ഫിസിക്കൽ ടാർജറ്റു മുഴുവനും അച്ചീവ്ചെയ്യും. ചില കാര്യങ്ങളിൽ അതു എക്സീഡ്ചെയ്യാനും സാധിക്കും. വളരെ കാര്യക്ഷമമായ, ഇതിനുമുമ്പു് ഒരിക്കലും നടത്താത്ത പ്രവർത്തനം ഉണ്ടായിക്കൊണ്ടിരിക്കുന്നു, ടീക്ക പ്ലാൻറേഷന്റെ കാര്യത്തിലും യൂക്കാലിപ്റ്റസ് പ്ലാൻറേഷന്റെ കാര്യത്തിലും എന്നുള്ളതു കണക്കുകൾ പരിശോധിച്ചാൽ തന്നെ ഇതു കാണാൻ സാധിക്കും. എക്കണാമിക്കു റെവ്യൂ തന്നെ പരിശോധിച്ചാൽ അതു കാണാൻ കഴിയും.

ഫാറസ്റ്റിന്റെ പ്രീസർവേഷനെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ ഒരു നയം ഈ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടു്. സർ ഈ പ്രശ്നം ഇന്നോ ഇന്നലേയോ ഉണ്ടായതല്ല. ഗ്രോമോർ ഫുഡ് Campain ന്റെ പേരിൽ വളരെ ഏറെ ആളുകളെ വനത്തിൽ പ്രവേശിപ്പിക്കുകയുണ്ടായി. പത്തും അൻപതിനായിരവും ഏക്കർസ്ഥലത്തിനിടയ്ക്കു 10 ഏക്കർ സ്ഥലംനൽകൃഷിക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. ഗോവിന്ദൻ നായർ]

പറഞ്ഞ സ്ഥലമാണെന്നു പറഞ്ഞു് അവിടെ കൃഷിചെയ്യുവന്നിരുന്നു. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്കുവേണ്ടി നെൽകൃഷിക്കു കൊടുത്ത സ്ഥലങ്ങളുണ്ടു്. അങ്ങനെ നെൽകൃഷിക്കു കൊടുത്തിട്ടുള്ളതിനു് അടുത്തുള്ളസ്ഥലങ്ങളും അവർ എകു്സ്റ്റൻഡു ചെയ്യുവന്നു. ഇങ്ങനെ വളരെ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുകയാണു്. അതിനു ഏതെങ്കിലും ഒരു ഗവണ്മെൻറിനെമാത്രം കുറ്റപ്പെടുത്തിയിട്ടു ഫലമില്ല അതു ശാശ്വതമായി പരിഹരിക്കേണ്ടതാണു്. കർഷകർ വളരെ നാളായിട്ടു ആ സ്ഥലങ്ങളും കൈവശപ്പെടുത്തിവച്ചിട്ടുള്ളതാണു്. അതിൽ ഗവണ്മെൻറിനു് ആവശ്യമായിട്ടുള്ളതും പ്രോജകു്റ്റുകൾക്കുആവശ്യമായി വരുന്നതുമായ ഭൂമികളും ഒഴിച്ചു മറ്റുഭൂമി കൈവശംവച്ചിട്ടുള്ളവർക്കു അതു അളന്നുതിരിച്ചു പട്ടയം കൊടുത്തു സ്ഥിരാവകാശം കൊടുക്കാൻ ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടു്. ഒരു സമയത്തു വനമായി സംരക്ഷിക്കേണ്ടതായിട്ടുള്ള ഭൂമി അളന്നുതിരിച്ചിട്ടുന്നതിനായി അതനുസരിച്ചു ഡീമാർക്കേഷൻ നടത്തികൊണ്ടിരിക്കുകയാണു്. ഈ ഫാറസറു ഏരിയായും, ഈ കൃഷിക്കാരുടെ കൈവശമുള്ള ഭൂമിയും അളന്നുതിരിച്ചു ഒരു ബൽട്ടു ഉണ്ടാക്കി ഡീമാർക്കേറ്റു് ചെയ്യുന്നതാണു്. അതു പോലെതന്നെ എൻക്രോച്ചുമെൻറു നടത്തീട്ടു വളരെനാളായിട്ടുള്ള ഭൂമിയുമുണ്ടു്. അങ്ങനെയുള്ള ഭൂമികളും നഷ്ടപ്പെടാതിരിക്കുന്നതിലേക്കുവേണ്ടി ആ പ്രദേശങ്ങൾക്കു മുൻഗണന കൊടുത്തു പ്ലാൻറേഷൻനടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെ വിട്ടുകൊടുക്കേണ്ട ഭൂമി വിട്ടുകൊടുക്കുകയും സംരക്ഷിക്കാനുള്ള ഭൂമി സംരക്ഷിക്കുകയും, മേലാൽ കൈയേറാൻ സാദ്ധ്യതയുള്ള ഭൂമി സൗകര്യമുള്ളിടത്തോളം ഇല്ലാതാക്കുകയും ചെയ്യുക എന്നുള്ളതാണു് നയം. ഇതു മുമ്പൊരിക്കലും ഒരു ഗവണ്മെൻറും സ്വീകരിക്കാത്ത ഒരു നയം ഈ ഗവണ്മെൻറു സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. അതനുസരിച്ചുള്ള നടപടികളും സ്വീകരിച്ചു കൊണ്ടു ഡീമാർക്കേഷൻ നടപടികളും പൂർത്തിയാക്കീട്ടുണ്ടു്. വളരെ കാലതാമസം കൂടാതെ ഈ ബൽട്ടുകളും ഉണ്ടാക്കുന്നതാണു്. ചില ഭൂമികൾ അടുത്തുള്ളതായ ഈ ലാൻഡിൻ കൂടുതൽ കയ്യേറ്റമുണ്ടാകാതിരിക്കാൻ ആ സ്ഥലങ്ങളിൽ ആവശ്യമായ പ്ലാൻറേഷൻ വച്ചുപിടിപ്പിക്കാനുള്ള നടപടി ഇന്നു ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. അങ്ങനെ ഫലപ്രദമായി ഈ കയ്യേറ്റം തടയാൻ കഴിയുമെന്നാണു് വിചാരിക്കുന്നതു്.

ഫാറസറുദ്യോഗസ്ഥന്മാരുടെ അറിവു കൂടാതെ വനത്തിൽ ആളുകളെ പ്രവേശിപ്പിക്കാൻ സാധിക്കുകയില്ലെന്നു പറഞ്ഞു. അതിനൊരു മറുവശമുണ്ടു്. ഫാസു്റ്റു ഏരിയാ മുഴുവൻ സൂക്ഷിക്കുക എന്നുപറഞ്ഞാൽ, വളരെപ്രയാസമുള്ള കാര്യമാണു്. ഫാറസറു ഏരിയായുടെ ഒരറ്റംമുതൽ മറേറ അറ്റംവരെ സൂക്ഷിക്കുന്നതിന്നു് ചിലപ്പോൾ ഒരു ഫാറസു്റ്റു ഗാർഡോ ഫാറസ്റ്റരോ റേഞ്ചരോ ആയിരിക്കും ചുമതലപ്പെട്ടിരിക്കുന്നതു്. ഈ വനങ്ങളിൽ സായുധ പോലീസു് ചെന്നിട്ടു അവരെപ്പോലും എതിർത്തുകൊണ്ടിരിക്കുന്ന ആളുകളും ഉള്ളപ്പോൾ ഒരു ഫാറസ്റ്റുഗാർഡോമറേറാ വിചാരിച്ചാൽ എങ്ങനെ വനം ഫലപ്രദമായി സംരക്ഷിക്കാൻ സാധിക്കും? അതുകൊണ്ടാണു്, ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ കുറ്റം ചെയ്തതു് ആരാണെന്നു പരിശോധിക്കുന്നതിലേക്കു വേണ്ടി വ്യക്തമായ ബൗണ്ടറി ഉണ്ടായിരിക്കണമെന്നും. കണ്ടു് അതിലേക്കു ആവശ്യമായ നടപടികളും എടുത്തുവരുന്നതും. അങ്ങനെ ഒരു ഏർപ്പാടു നമ്മുടെ വനത്തെ സംബന്ധിച്ചിടത്തോളം വളരെ നാളായിട്ടു ഇല്ലായിരുന്നു. ഇതു പരിഹരിക്കുന്നതിനും കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ബൽട്ടു ഉണ്ടാക്കി അവിടെ ബൗണ്ടാസു് സ്ഥാപിച്ചു അതിനു സ്ഥിരമായ ഓരോ നമ്പറുകളും കൊടുത്തു ഇന്ന നമ്പർ മുതൽ ഇന്ന നമ്പർ വരെയുള്ള പ്രദേശം ഒരു സ്പെഷ്യൽ സ്റ്റാഫിൻെറ ചുമതലയിൽ കൊടുക്കുകയും, അതിനു പ്രത്യേകം ഇൻസ്പെക്ഷൻ നടപടികളും ഏർപ്പെടുത്തുകയും ചെയ്യുന്നതാണു്. അങ്ങനെ ചെയ്യുന്നതുകൊണ്ടു വ്യക്തമായി ഇന്നാരുടെ അനാസ്ഥകൊണ്ടു് ഇന്ന കുറ്റം ഉണ്ടാകാനിടയായി എന്നു അറിയാൻ കഴിയും. അതനുസരിച്ചു നടപടികളും സ്വീകരിക്കാനും കഴിയും. ഇങ്ങനെ ഇതിനുമുമ്പു ഒരിക്കലും ഉണ്ടാകാത്തവിധത്തിൽ ആവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

പ്രൈവറു ഫാറസ്റ്റിനെ സംബന്ധിച്ചുവിടെ പറയുകയുണ്ടായി; ഗവണ്മെൻറു് ഈ അടുത്തകാലത്തുമാത്രമാണു് കുറെ സ്ഥലം അസംപ്ഷൻ ആഫ്

LIBRARY ARCHIVES Kerala Legislative Assembly

മാനേജ്മെൻറായി ഏറെറടുക്കാൻ തീരുമാനിച്ചിട്ടുള്ളതു്. ഈ അട്ടപ്പാടിവാലി, മണ്ണാർക്കാടു്, മുപ്പിൽനായരുടെ വക ഓടശ്ശേരി ബ്ലാക്കിൽ 20,000 ഏക്കറും അതിനടുത്തുള്ളതായ 10000 ഏക്കറും അങ്ങനെ 30900 ഏക്കർ അസംപ്ഷൻ ആഫ് മാനേജ്മെൻറായി ഏറെറടുക്കാൻ പോകുന്നതായി പ്രസിദ്ധീകരിച്ചു. വളരെ കാലതാമസംകൂടാതെ അതു ഏറെറടുക്കാൻ സാധിക്കും. അതുപോലെ മറു ചില വനങ്ങളും ഏറെറടുക്കാൻ വിചാരിക്കുന്നുണ്ടു്.

ശ്രീമാൻ വി. ആർ. കൃഷ്ണയ്യർ നിലമ്പൂർ ഫാറസ്റ്റിനെ സംബന്ധിച്ചു ചില കാര്യങ്ങളും പറഞ്ഞു അതിനു എന്തു നടപടികളും സ്വീകരിക്കാൻ സാധിക്കുമെന്നു ഗവണ്മെൻറു ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതുപോലെ ഈ പ്രൈവറു ഫാറസ്റ്റിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറു യാതൊരു അനാസ്ഥയും കാണിക്കുന്നില്ല. അതു സംബന്ധിച്ചുള്ള ഈ ഗവണ്മെൻറിൻെറ നടപടികളും എല്ലാം പൂർത്തിയാക്കി ഇൻഡ്യഗവണ്മെൻറിനു അയച്ചു. അതിനു ശേഷം അവർ ചില ക്ലാരിഫിക്കേഷൻ ഗവണ്മെൻറിനോടാവശ്യപ്പെട്ടു. അതു വീണ്ടും അയച്ചുകൊണ്ടിരിക്കുകയാണു്. ഈ രണ്ടു ദിവസങ്ങൾക്കു മുമ്പും അതിനു അനുവാദം നൽകണം എന്നു കാണിച്ചു എക്സ്പ്രസ്സു് കടലാസ്സു കൊടുത്തിരിക്കുകയാണു്. വളരെ താമസിയാതെ അതു എത്തിക്കിട്ടും. അതു കിട്ടിക്കഴിഞ്ഞാൽ ഉടൻ നടപടികളും സ്വീകരിക്കുന്നതാണു്.

പ്രൈവറു ദേവസ്വങ്ങൾ ഭൂമി കൊടുക്കുന്നതിനെ സംബന്ധിച്ചു വളരെ ഏറെ പരാമർശനങ്ങളുണ്ടായി. ഇതു 1961-ൽ നടന്നിട്ടുള്ള കാര്യമാണു്. അതു ഹിന്ദു റീലിജിയസ് എൻഡോമെൻറു ആക്ടനുസരിച്ചു endowment Commission ചെയ്തിട്ടുള്ള കാര്യങ്ങളാണു് ഇവിടെ പരാമർശിക്കപ്പെട്ടവ. ഫാറസ്റ്റു പ്രിസർവേഷൻെറ കമ്മിറ്റിൽ അതിൽ വരുന്നില്ല. എം, പി. പി. എഫ്. ആക്ടു അനുസരിച്ചു ഫാറസ്റ്റു clear ചെയ്യുവാൻ പോദിക്കുന്ന അവസരത്തിൽ മാത്രമേ ഫാറസ്റ്റു നശീകരണത്തിൻെറ പ്രശ്നം അവിടെ ഉണ്ടാകുകയുള്ളു. അല്ലാതെ അവിടെ ഫാറസ്റ്റു ഡിപ്പാർട്ടുമെൻറിൻെറ യാതൊരു അനാസ്ഥയും കാണുന്നില്ല.

Shri V. R. Krishna Iyer : Sir, under the Madras Religious institutions and Charitable endowments Act, the Commissioner can only sanction, but after that lease can be executed with the permission of the Collector.

Shri M. P. Govindan Nair . Every time the questionr for decision is whe ther he is thc owner as defineed in the Madras Preservation of Private Forests Act. That is the primary consideration to decide the question. The question of Forest preservation is not relevant for that decision of such cases,

11 A. M.] സർ, സമയം ഇല്ലാത്തതുകൊണ്ടു ഞാൻ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

പിന്നീടു് ആരോപണം ഉണ്ടായിട്ടുള്ളതു കുടിയിറക്കിനെ സംബന്ധിച്ചാണു്. വളരെ വ്യക്തമായി ഇതു സംബന്ധിച്ചു് കാര്യങ്ങളും പഠിച്ചതിനു ശേഷമാണു് അവശ്യം ഒഴിപ്പിക്കേണ്ട സ്ഥലത്തുനിന്നു് ചിലരെ കുടിയിറക്കാൻ ഗവണ്മെൻറു നിർബ്ബന്ധിതമായി നടപടി സ്വീകരിച്ചതു്. അതോടൊപ്പം ബഹുമാനപ്പെട്ട ചില മെമ്പറന്മാർ പറഞ്ഞതുപോലെ മാനുഷികമായ എല്ലാ വശങ്ങളും കണക്കിലെടുത്തുകൊണ്ടുതന്നെ ഗവണ്മെൻറു അവർക്കു സഹായങ്ങളും വേണ്ട സൗകര്യങ്ങളും നൽകുന്നതിനു പരമാവധി പരിശ്രമിച്ചിട്ടുണ്ടു്. മനഃപൂർവ്വം കുഴപ്പം ഉണ്ടാക്കണമെന്നുള്ള വിചാരം ഗവണ്മെൻറിനു് ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല. നേരേ മറിച്ചു് ചിലരുടെ ഈദൃശ ഉദ്ദേശങ്ങളാണു് ചില അനിഷ്ടസംഭവങ്ങൾക്കു് ഇടയാക്കിയിട്ടുള്ളതു്. കുടിയിറക്കി മറു സ്ഥലങ്ങളിലേക്കു അയയ്ക്കപ്പെടുന്നവർക്കു് പരമാവധി എല്ലാ സൗകര്യങ്ങളും, ചെയ്തുകൊടുക്കുന്നുണ്ടു്. ദേഹണ്ഡങ്ങൾക്കും, തൽക്കാലം കെട്ടിടം വയ്ക്കുന്നതിനും എക്സ് ഗ്രേഷ്യാ പ്രതിഫലം നൽകുക, ആഹാരത്തിനും മറുമായി 50 രൂപാ ക്യാഷ് പേമെൻറു നടത്തുക, മറു ചികിത്സാസൗകര്യങ്ങളും നൽകുക എന്നിങ്ങനെ അവരുടെ എല്ലാ കാര്യങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നുണ്ടു്. കൂടാതെ നാലു് ആഴ്ചക്കാലത്തേക്കു സൗജന്യമായി റേഷൻ നൽകാൻ തീരുമാനിച്ചി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. ഗോവിന്ദൻ നായർ :

ട്ടുണ്ട്. അങ്ങനെ ഒരു മാനുഷിക പ്രശ്നമായി കരുതി ഈ കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. പക്ഷേ, മാനുഷിക പ്രശ്നത്തിൻെറ പേരു പറഞ്ഞുകൊണ്ട്, അത്യാവശ്യമുള്ള പദ്ധതികളും നടപ്പാക്കുന്നതിൽനിന്നു ഒഴിഞ്ഞുമാറി ഇവരെ കുടിയിറക്കാതിരിക്കാൻ ഗവണ്മെൻറിനു നിവ്വാഹമില്ല. ഏതാനും കുടുംബങ്ങളുടെ കാര്യവും, രാജ്യത്തിൻെറ മൊത്തം താൽപര്യവും തമ്മിൽ തട്ടിച്ചുനോക്കിയാൽ, ഭാവിയിൽ സംസ്ഥാനത്തിനു നഷ്ടപ്പെടാൻ ഇടയുള്ള വളരെയധികം ഏക്കർ സ്ഥലം ഒഴിപ്പിച്ചെടുത്തു ആവശ്യമായ പദ്ധതി നടപ്പാക്കുന്നതിനു ഗവണ്മെൻറു സ്വീകരിച്ച നടപടി ഫലപ്രദമാണെന്നു പറയാതിരിക്കാൻ നിവ്വാഹമില്ല. ഗവണ്മെൻറ് അങ്ങനെ ചെയ്തില്ലെങ്കിൽ, ഗവണ്മെൻറ് സ്വന്തം ചുമതല നിവ്വഹിക്കാതെ, ഭരണമണ്ഡലത്തിൽ പരാജയപ്പെട്ട എന്നു് ഇന്നല്ലെങ്കിൽ നാളെ ഒരുകാലത്തു് ആളുകൾ പറയാൻ ഇടയാകുമെന്ന വസ്തുതയും ഇവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

സർ, ശ്രീ. എം. എം. സുന്ദരം : മുണ്ടക്കയത്തെ സ്ഥലം കൊടുത്തതിനെ സംബന്ധിച്ചു പറഞ്ഞു. കഴിഞ്ഞ കൊല്ലവും അദ്ദേഹം ഈ പരാതി ഉന്നയിച്ചതാണു്. അതിനു വേണ്ട തെളിവു തരാമെന്നും പറയുന്നു. എല്ലാ ഉദ്യോഗസ്ഥന്മാരെയും സസ്പെൻഡു ചെയ്യുകൊണ്ടു് തെളിവു ശേഖരിക്കാൻ മറ്റുള്ളവരുടെ പിറകേ പോകാൻ നിവൃത്തിയില്ല. വ്യക്തമായ ആരോപണം തെളിവു സഹിതം തന്നാൽ അതു പരിശോധിക്കാവുന്നതാണു്. ശരിയായ തെളിവില്ലാതെ ഇങ്ങനെ ആരോപണം കൊണ്ടുവന്നാൽ ഉദ്യോഗസ്ഥന്മാരെ സസ്പെൻഡു ചെയ്യാൻ സാദ്ധ്യമല്ല പന്നിയാറിൽനിന്നും കുടിയിറക്കിയവർ വില വാങ്ങിയിട്ടു് പലരും സ്ഥലം കൈമാറിയതായി പരാതിയുണ്ടായിട്ടുണ്ടു്. അങ്ങനെ കൈമാറ്റം നടത്തിയിട്ടുള്ളവരുടെ പേരിൽ എന്തു നടപടി സ്വീകരിക്കണമെന്നു ആലോചിക്കുകയാണു് അങ്ങനെ കൈമാറിയിട്ടുള്ളവരുടെ പേരിലല്ലാതെ, അതിനു ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കാൻ സാദ്ധ്യമല്ല; അതു ശരിയല്ല.

സർ, എനിക്കു ചില കാര്യങ്ങളെ സംബന്ധിച്ചു മറുപടി പറയാനുണ്ടു്. മൂന്നു മിനിട്ടുകൂടി സമയം അനുവദിക്കണം.

മി. സുന്ദരത്തിൻെറ മറെറാരു പരാതി വളഞ്ഞങ്ങാനം വനപ്രദേശത്തു നിന്നു് വേറേ സ്ഥലം വേണമെന്നു പറഞ്ഞു് ഇറങ്ങി പുറപ്പെട്ട കൃഷിക്കാരെപ്പററിയാണു്. അവർ അവിടെ താമസമാക്കാൻ ഇടയായ സാഹചര്യത്തെപ്പററി മുൻപു് ശ്രീ. ടി. എ. തൊമ്മൻ വിശദീകരിച്ചിട്ടുണ്ടു്. "ആ കൃഷിക്കാരുടെ പ്രതിനിധികളും, മറു പ്രതിനിധികളും പരിശോധിച്ചു് സ്ഥലത്താണു് അവരെ കുടിപാർപ്പിച്ചിട്ടുള്ളതു്. ആ സ്ഥലം കൃഷിക്കു അല്പം മോശമാണെന്നു പറഞ്ഞതുകൊണ്ടു തിരുവനന്തപുരം ഡിസ്ട്രിക്ടിൽ വേറെ സ്ഥലം കൊടുക്കാമെന്നു സമ്മതിച്ചു. അങ്ങനെ വാമനപുരത്തു കൊടുക്കാമെന്നു പറഞ്ഞ സ്ഥലം വളഞ്ഞങ്ങാനത്തെ സ്ഥലത്തെക്കാൾ നല്ലതാണെന്നു ശ്രീ. സുന്ദരംതന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്.

ശ്രീ. എം. എം. സുന്ദരം : ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എന്നോടു നേരിട്ടു പറഞ്ഞ കാര്യം നിഷേധിക്കുകയാണെങ്കിൽ നിവൃത്തിയില്ല. ഏതായാലും വളഞ്ഞങ്ങാനത്തേക്കാൾ നാലിരട്ടി നല്ല സ്ഥലമാണതെന്നു ആരും സമ്മതിക്കും; പക്ഷേ, മുണ്ടക്കയത്തെക്കാൾ നല്ലതല്ല. അതു് ഞാനും സമ്മതിക്കുന്നു. ഇപ്പോൾ ശ്രീ. സുന്ദരം പറയുന്നതു വേറെ വനം നൽകുന്നുമെന്നാണു്. വനം അവർതന്നെ വെട്ടിത്തെളിച്ചുകൊള്ളാമെന്നാണു പറയുന്നതു്. ഇനിയും കാടു വെട്ടിത്തെളിക്കുന്ന നടപടി സ്വീകരിക്കാൻ ഗവണ്മെൻറു തയ്യാറല്ല.

മറെറാരു സൂചന ഇവിടെ ഉണ്ടായതു വയനാട്ടിലും, പറമ്പിക്കുളത്തും തീപിടുത്തംമൂലം വളരെയേറെ സ്ഥലം നശിച്ചുവെന്നും, തന്നിമിത്തം വലിയ നഷ്ടം ഗവണ്മെൻറിനുണ്ടായിട്ടുണ്ടെന്നുമാണു്. ഒരു വലിയ തുകയ്ക്കു വിലവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

തടികയം ഗവണ്മെൻറിനു നഷ്ടപ്പെട്ടിട്ടുണ്ടെന്നു പറയുന്നതു ശരിയല്ല. 1961–62, 63-ൽ ടീ പ്ലാന്റേഷനു നിശ്ചയിച്ചിരുന്ന വനത്തിനാണു് തീപിടിത്തം ഉണ്ടായതു്. 900 ഏക്കർ സ്ഥലമാണു് ഇതിനുവേണ്ടി നിശ്ചയിച്ചിരുന്നതു്. തീപിടിത്തമുണ്ടായതു് ഒരു സെയിൽസു ക്ലബ്ബിനായിരുന്നു. അവിടെ ഇരുപതോ, മുപ്പതോ തേക്കിൻതടിയും കുറച്ചു ഈട്ടിത്തടിയും ഉണ്ടായിരുന്നു. മൂവായിരമോ, നാലായിരമോ രൂപാ നഷ്ടം ഇതുമൂലം ഉണ്ടായിക്കാണും. വൻപിച്ച നഷ്ടം ഇതുമൂലം ഉണ്ടായിട്ടുള്ളതായി പറയുന്നതു ശരിയല്ല.

വയനാട്ടിൽ പതിനായിരം ഏക്കർ സ്ഥലത്തു തീപിടിത്തം ഉണ്ടായിട്ടുള്ളതായി പറയുന്നു. കൺട്രാക്ടരുടെ എസ്റ്റിമേറ്റു് അനുസരിച്ചു ഒരു കൺട്രാക്ടർക്കു് പതിമൂവായിരം രൂപയുടെ നഷ്ടം വന്നിട്ടുണ്ടു്. ബർലാ കമ്പനി ഒരു ലക്ഷം രൂപായുടെ മുള ശേഖരിച്ചിരുന്നതിൽ ഏകദേശം നാലായിരം രൂപായുടെ നഷ്ടം കമ്പനിക്കു നേരിട്ടിരിക്കും, കാര്യമായിട്ടു് ഈ ഇനത്തിൽ ഗവണ്മെൻറിനു നഷ്ടം ഉണ്ടായിട്ടില്ല. ചെറിയ ഒരു പാലം നഷ്ടപ്പെട്ടതു കഴിച്ചാൽ, പറമ്പിക്കുളത്തും വയനാട്ടിലും ഉണ്ടായ തീപിടുത്തംമൂലം ഗവണ്മെൻറിനു വലിയ നഷ്ടമുണ്ടായിട്ടില്ല. എന്നതന്നെയുമല്ല, മണ്ണുപൂവ്വു് വനത്തിനു ആകും തീവച്ചതുമല്ല. അതിനു മതിയായ തെളിവാണു്, മദിരാശി അതിർത്തിയിലും, മൈസൂർ അതിർത്തിയിലും ഇത്തരം തീപിടുത്തം ആദ്യം ഉണ്ടാകുകയും അവിടെനിന്നും ഇങ്ങോട്ടു പടർന്നതാണെന്നുമുള്ള വസ്തുതകൾ. അതുകൊണ്ടു മനപ്പൂവ്വും തീപിടുത്തം ഉണ്ടാക്കിയതാണെന്നു പറയുന്നതു ശരിയല്ല.

സർ, മി. സുന്ദരം 1960-ലെ വനം കാൺട്രാക്ടറിൽ വന്നിട്ടുള്ള കുഴപ്പത്തെപ്പറ്റി പറഞ്ഞു. അതു രണ്ടു മൂന്നു വർഷം മുമ്പുണ്ടായതാണെന്നു അദ്ദേഹംതന്നെ പറയുന്നുണ്ടു്. എന്റെ അറിവിൽ പെട്ടിടത്തോളം Depot Supply കഴിഞ്ഞ കക്ഷിനെ പറ്റിയാണു് ഈ പരാമർശനങ്ങൾ. അതുകൊണ്ടുതന്നെ ഈ പറയുന്ന കാര്യങ്ങൾ ശരിയാകുവാൻ ഇടയില്ല, വളരെയധികം ആളുകൾ ലേലത്തിൽ പങ്കെടുത്തതുമാണു്.

ശ്രീ. സി. എം. കുട്ടി തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്തു് എഫ്. ഐ. ടി.യുമായി ഉണ്ടായ ഒരു കാൺട്രാക്ടിനെപ്പറ്റി പറഞ്ഞു. അതിന്റെ കാലാവധി 1967 വരെയാണു്. ആ കാര്യം ഗവണ്മെൻറിന്റെ ആലോചനയിലുണ്ടു്. എഫ്. എ. സി. ടി.ക്കു് ആവശ്യമുള്ള വിറകു സപ്ലൈ ചെയ്യുന്നതിനുള്ള കാൺട്രാക്ടാണു കൊടുത്തിരിക്കുന്നതു്. അതുനിമിത്തം യാതൊരു നഷ്ടവും ഗവണ്മെൻറിനില്ല. ഈ കാര്യത്തിൽ ഒരു പരാജയവും ഗവണ്മെൻറിനു ഉണ്ടായിട്ടില്ല. സർ, സമയം ഇല്ലാത്തതിനാൽ എല്ലാ പോയൻറുകൾക്കും മറുപടി പറയുവാൻ സാധിച്ചിട്ടില്ല. ഫോറസ്റ്റു സംരക്ഷണത്തിനു് എല്ലാ വിഭാഗത്തിലുള്ളവരും ഒരുമിച്ചു പ്രവർത്തിച്ചാൽ മാത്രമേ സാധിക്കുകയുള്ളു എന്ന കാര്യം ഞാൻ സമ്മതിക്കുന്നു. ഈ ഡിമാൻഡു പാസ്സാക്കിത്തരണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

Mr. Speaker: Mr. P. M. Kunhiraman Nambiar, do you press your cut motion under demand XXXIX Forest ?

Shr. P. M. Kunhiraman Nambiar: Yes, I press. The cut motion was put and lost.

Shri P. M. Kunhiraman Nambiar : Sir, I demand a poll.

A poll was taken, when the House divided as follows :

Ayes—49

1 Shri C. Achutha Menon	5 Shri M. Alikunju Sastri
2 ,, P. C. Adichan	6 ,, K. Anirudhan
3 ,, M. P. M. Ahammed Kurikkal	7 ,, Antony D'Cruz
4 Smt. K. O. Aisha Bai	8 ,, P. Balachandra Menon
	9 ,, C. K. Balakrishnan

LIBRARY ARCHIVES Kerala Legislative Assembly

10 Shri N. E Balaram
11 ,, K. Bhargavan
12 ,, K. Chandrasekharan
13 ,, D. Damodaran Potti
14 ,, E. P. Gopalan
15 ,, N. Gopala kurup
16 Smt. K. R, Gouri
17 Shri Hamid Ali Shemnad
18 ,, K. V. John
19 ,, Joseph Chazhikattu
20 ,, O. Koran
21 ,, K. Krishnan
22 ,, M. Krishnan
23 ,, R. Krishnan
24 ,, V. R. Krishna Iyer
25 ,, K. Krishna Pillai
26 ,, S. Kumaran
27 ,, P. M. Kunhiraman Nambiar
28 ,, P. V. Kunhunni Nair
29 ,, P. K. Kunjachan
30 ,, P. K. Kunju
31 Shri C. M. Kutty
32 ,, K. Moideenkutty Hajee
33 ,, K. V. Narayanan
34 ,, P. K. Narayanan Nambiar
35 ,, T. C. Narayanan Nambiar
36 ,, P. Narayanan Thampi
37 ,, P. C. Raghavan Nair
38 ,, T. K. Ramakrishnan
39 ,, A. K. Ramankutty
40 ,, P. Ramunni Kurup
41 ,, P. Ravindran
42 ,, E. M. Sankaran Namboodiripad
43 ,, B. V. Seethi Thangal
44 ,, Ponnara Sreedhar
45 ,, P. S. Srinivasan
46 ,, M. M. Sundaram
47 ,, R. Sugathan
48 ,, M. V. Vasu
49 ,, P. Viswambharan

Noes—65

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, P. C. Balakrishnan Nambiar
8 ,, R. Balakrishna Pillai
9 ,, T. O. Bava
10 ,, N. Bhaskaran Nair
11 Dr. K. M. Chacko
12 Shri P. Chacko
13 ,, G. Chandrasekhara Pillai
14 ,, P. C. Cherian
15 ,, K. A. Damodara Menon
16 ,, T. A. Dharmaraja Iyer
17 ,, P. R. Francis
18 ,, K. M. George
19 ,, George Joseph Podippara
20 ,, P. Gopalan
21 ,, M. Gopalankutty Nair
22 ,, Malethu Gopinatha Pillai
23 ,, M. P. Govindan Nair
24 ,, Vayala Idicula
25 ,, A. L. Jacob
26 Shri C. G. Janardhanan
27 ,, P. S. Karthikeyan
28 ,, K. G. Karunakara Menon
29 ,, K. Kochukuttan
30 ,, T. Krishnan
31 ,, P. R. Krishnan
32 ,, N. S. Krishna Pillai
33 ,, P. Kumaran
34 ,, K. Kunhambu
35 ,, C. Kunhikrishnan Nair
36 ,, M. Kunhikannan Nambiar
37 ,, M. Kunjukrishnan Nadar
38 ,, N. Kunjuraman
39 Smt. Kusumam
40 ,, Leela Damodara Menon
41 Shri P. Madhavan
42 ,, V. Madura
43 ,, M. M. Mathi
44 ,, C. A. Mathew
45 ,, T. Murugesan
46 Smt. A. Nafeesath Beevi
47 Shri K. Narayana Kurup
48 ,, M. Narayana Kurup
49 ,, Kuroor Neelakantan Namboodiripad
50 ,, C. F. Pereira

LIBRARY ARCHIVES Kerala Legislative Assembly

51 Shri E. P. Poulose
52 ,, R. Raghava Menon
53 ,, A. A. Rahim
54 ,, M. Ravindranath
55 ,, R. Sankar
56 Smt. O. T. Sarada Krishnan
57 ,, K. R. Saraswathi Amma
58 Shri Shamsuddin
59 Shri C. M. Stephen
60 ,, K. T. Thomas
61 ,, Thomas John
62 ,, T. A. Thomman
63 ,, P. P. Ummer Koya
64 ,, K. R. Vijayan
65 ,, K. K. Viswanathan

Neutrals—Nil

Mr. Speaker: Those for the Cut Motion—49
Those against—65
Neutrals—Nil.
The Cut Motion is lost.

Mr. Speaker: Cut Motion No. 4 is in the name of Shri K. Hassan Gani. The member is not in his seat,

Mr. Speaker: Mr. Sundaram, do you press your Cut Motion under Demand XXXIX—Forest?

Shri M. M. Sundaram: Yes, I press.

The Cut Motion was put and lost.

The question that the Government be granted a sum of Rs. 1,37,79,900 under Demand XXXIX-Forest, was put and carried.

The grant was made.

Mr. Speaker: Mr. K. Moideenkutty Hajee, do you press your Cut Motion under Demand LI Capital outlay on Forests?

Shri K. Moideenkutty Hajee: Yes, I press.

The Cut Motion was put and lost.

The question that Government be granted a sum of Rs. 27,87,800 under Demand LI—Capital outlay on Forests, was put and carried.

The grant was made.

Demand LIII—Capital Outlay on Schemes of Government Trading

Minister for Food and Agriculture (**Shri E. P. poulose**): Sir, I move that Government be granted a sum of Rs. 11,38,57,900 under Demand LIII-Capital outlay on schemes of Govrenment Trading.

Minister for Law and Revenue (**Shri T. A. Thomman**): Sir, I second it.

Mr. Speaker: The following Cut Motions may be moved.

Cut Motion Nos. 1,2 and 3 may be moved by M/s. N. E. Balaram, P. Viswambaran and K. Moideenkutty Haji, respectively.

Shri N. E. Balaram: I move to reduce the allotment of Rs. 11,38,57,900 under Demand LIII—Capital outlay on schemes of Government Trading by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly